# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂലൈ 05, വെള്ളി

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--270]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| കൃഷി വകുപ്പുമന്ത്രി | : 6182 മുതൽ 6246 വരെ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : 6247 മുതൽ 6322 വരെ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : 6323 മുതൽ 6399 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 6400 മുതൽ 6451 വരെ |

### ഐ.ടി.ഐ. കാമ്പസുകൾ ഹരിതകാമ്പസുകളാക്കുന്നതിന് കർമ്മപദ്ധതി

6182. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. കാമ്പസുകൾ ഹരിതകാമ്പസുകളാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ മണലൂർ ഐ.ടി.ഐ. യിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### എസ്.എൽ.ബി.സി.മീറ്റിംഗുകളിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം

6183. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗുകൾ നടത്തുമ്പോൾ കർഷകരുടെ സ്വത്തുക്കൾ ജപ്തി ചെയ്യുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ ജനപ്രതിനിധികളെ കൂടി പങ്കെടുപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; ഈ വിഷയത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) കർഷകരുടെ സ്വത്തുക്കൾ ജപ്തി ചെയ്യുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുവാൻ കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുവാൻ തയ്യാറാണോ; എങ്കിൽ വിശദമാക്കാമോ;

(സി) കർഷകരുടെ സ്വത്തുക്കൾ ജപ്തി ചെയ്യുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുവാൻ പ്രളയത്തിന് ശേഷം സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

## ടിഷ്യൂ കൾച്ചർ വാഴ തൈകൾ

6184. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസുകൾ വഴി ടിഷ്യൂ കൾച്ചർ വാഴ തൈകൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ എന്ത് വിലയ്ക്കാണ് വിൽക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ വഴി ടിഷ്യൂ കൾച്ചർ വാഴകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വാഴ തൈകൾ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ബാങ്ക് ജപ്തിയിൽ നിന്നും കർഷകരെ ഒഴിവാക്കുവാൻ നടപടി

6185. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികേതര വായ്പകൾക്ക് മൊറട്ടോറിയം നിലവിലില്ലാത്തതിനാൽ ജപ്തിക്ക് തടസ്സമില്ലെന്ന ബാങ്കേഴ്സ് സമിതിയുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജൂലൈ 31ന് മൊറട്ടോറിയം കാലാവധി അവസാനിക്കുന്ന കാർഷിക വായ്പകൾക്കും ജപ്തി ബാധകമാവുമെന്ന് ബാങ്കേഴ്സ് സമിതി വ്യക്തമാക്കുകയുണ്ടായോ;

(സി) ജപ്തിയുമായി ബാങ്കുകൾ മുന്നോട്ട് പോയാൽ അതിന് റിസർവ് ബാങ്കിന്റെ അംഗീകാരവും നിയമസാധുതയും ഉണ്ടായിരിക്കുമെന്നും സമിതി മുന്നറിയിപ്പ് നൽകുന്നുണ്ടോ;

(ഡി) മൊറട്ടോറിയം ഡിസംബർ 31 വരെ നീട്ടണമെന്ന സർക്കാർ ആവശ്യം റിസർവ് ബാങ്ക് നേരത്തെ നിരസിച്ചിരുന്നോ;

(ഇ) എങ്കിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ മൊറട്ടോറിയം കാലാവധി നീട്ടിക്കിട്ടുന്നതിനും കർഷകരെ ജപ്തി നടപടിയിൽ നിന്ന് ഒഴിവാക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വ്യക്തമാക്കുമോ?

## സ്കൂൾ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കാൻ നടപടി

6186. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാല വിപണി ലക്ഷ്യമാക്കി കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## ഓണത്തിന് വിപുലമായ പച്ചക്കറി വിളവ്

6187. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് വിപുലമായ പച്ചക്കറി വിളവ് ലഭിക്കുന്ന തരത്തിൽ കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കർഷകരിൽ നിന്ന് നേരിട്ട് ഉൽപന്നങ്ങൾ ഉപഭോക്താക്കളുടെ കൈകളിലേക്ക് എത്തിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>കാർഷിക കടാശ്വാസ കമ്മീഷൻ പാസ്സാക്കിയ അവാർഡു തുക</u>

6188. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക കടാശ്വാസ കമ്മീഷനിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പിനായി കാത്തു കിടപ്പുണ്ട് എന്ന് അറിയിക്കാമോ;2018-19 സാമ്പത്തിക വർഷത്തിൽ പാസ്സാക്കിയ അവാർഡു തുക എത്രയെന്ന് വ്യക്തമാക്കാമോ?

<u>കാർഷിക പരിസ്ഥിതി മേഖലകൾ</u>

6189. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക കാർഷിക പരിസ്ഥിതി മേഖലകളായി സംസ്ഥാനത്തെ വേർതിരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിനായി ഐക്യരാഷ്ട്ര സഭയിൽ നിന്ന് സാങ്കേതികസഹായവും ലോക ബാങ്കിൽ നിന്ന് പ്രത്യേകവായ്പയും ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മൂന്ന് റവന്യൂ വില്ലേജുകളിലായി നെൽകൃഷി നടത്തുന്ന കുട്ടനാടൻ മേഖലയെ ഒറ്റമേഖലയായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിലൂടെ ഉല്പാദനത്തിലും കർഷകരുടെ വരുമാനത്തിലും എന്ത് മാറ്റമുണ്ടാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

<u>കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി</u>

6190. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കെ.വി.കെ. (കൃഷി വിജ്ഞാൻ കേന്ദ്ര) കണ്ണൂരും ചെറുതാഴം കുരുമുളക് ഉല്പാദക കമ്പനിയുമായി സഹകരിച്ച് നല്ലയിനം കുരുമുളക് തൈകൾ ഉല്പാദിപ്പിക്കുന്നതിന് ഈ വർഷം ബജറ്റിൽ വകയിരുത്തിയ 50 ലക്ഷം രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## മൊബൈൽ അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം

6191. ശ്രീ.മഞ്ഞളാംകുഴി അലി

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം വിശദമാക്കാമോ; എന്തെല്ലാം കാര്യങ്ങൾക്കായാണ് ഇത്തരത്തിൽ സജ്ജീകരിച്ചിട്ടുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത്;

(സി) ഇവയുടെ ദുരുപയോഗം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുവാൻ നടപടി

6192. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുന്നതിന് കൃഷി ഭവനുകൾ വഴി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രളയാനന്തരം കൃഷി എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയ കാർഷിക മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

## കാർഷികവികസന സമിതികൾ

6193. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിവിധതലങ്ങളിൽ രൂപീകരിച്ച കാർഷികവികസന സമിതികൾ ഫലപ്രദമായി നടക്കാറുണ്ടോ;

(ബി) സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നവർക്ക് സിറ്റിംഗ് ഫീസ് അനുവദിക്കാറുണ്ടോ; ആരെയൊക്കെയാണ് സിറ്റിംഗ് ഫീസ് ലഭിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; നിലവിൽ സിറ്റിംഗ് ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ യോഗങ്ങൾ കൃത്യമായി നടക്കാറുണ്ടോ എന്ന് പരിശോധിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം നിലവിൽ ഉണ്ടോ?

## കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുവാൻ നടപടി

6194. ശ്രീ.സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന്

ഡോ.എം. കെ. മുനീർ

ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട എത്തിയോൺ കീടനാശിനി കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നത് തടയാൻ കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കൃഷിഭവനുകളിൽ കീടനാശിനികളിലെ വിഷാംശം പരിശോധിക്കുവാൻ സംവിധാനമുണ്ടോ; ഇവ പ്രവർത്തനക്ഷമമാണോ; വ്യക്തമാക്കുമോ;

(സി) ഇത്തരം പരിശോധനകൾ ശക്തിപ്പെടുത്തി കർഷകരുടെ ജീവന് ഭീഷണിയായ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി

6195. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഗുണമേന്മയുള്ള വിത്തുകൾ സമയബന്ധിതമായി കർഷകർക്ക് നൽകുവാൻ ഉതകുന്ന തരത്തിൽ വിത്തുവിതരണത്തിന് കുറ്റമറ്റ സംവിധാനം നിലവിലുണ്ടോ;

(ബി) കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) ഹൈബ്രിഡ് വിത്തുകൾ കർഷകർക്ക് സൗജന്യനിരക്കിൽ നൽകാൻ കഴിയുന്ന സംവിധാനം നിലവിൽ ഉണ്ടോ?

## വിത്ത് ബാങ്ക് പദ്ധതി

6196. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സൗകര്യങ്ങളോടുകൂടിയ വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള കാർഷിക സർവ്വകലാശാലയിൽ ഇതിനായി എന്തെങ്കിലും ഗവേഷണം നടക്കുന്നുണ്ടോ; വിശദമാക്കുമോ?

## മഞ്ചേരി മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ

6197. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിയ പ്രധാനപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) 2019-20 സാമ്പത്തികവർഷത്തിൽ ഈ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

## കാർഷിക മേഖലയുടെ അഭിവൃദ്ധി

6198. ശ്രീ.എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ കാർഷിക പരിസ്ഥിതി മേഖലകളായി തരംതിരിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കാർഷിക പരിസ്ഥിതി മേഖലകളായി തരംതിരിച്ച് കാർഷികമേഖലയുടെ അഭിവൃദ്ധിയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

## കേരഗ്രാമം പദ്ധതി

6199. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ നൽകാമോ?

## പാറക്കൽ-മാടായി തോടിന്റെ പാർശ്വഭിത്തി സംരക്ഷണം

6200. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പാറക്കൽ-മാടായി തോടിന്റെ പാർശ്വഭിത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 2837010/2018/Min(Agri), KLDC 2398/18 എന്നീ ഫയലുകളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പാർശ്വഭിത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി കെ.എൽ.ഡി.സി. യുടെ തൃശ്ശൂർ ഓഫീസിൽ നിന്നും ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരുന്നത്; ഉത്തരവിന്റെ /ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലുള്ള ഫയലിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത കൃഷിഭൂമിയുടെ സംരക്ഷണം എന്നത്തേക്ക് ഏറ്റെടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## വയനാടിന്റെ കാർഷിക മേഖല

6201. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതലുള്ള ബജറ്റുകളിൽ കാർഷിക മേഖലയിൽ വയനാട് ജില്ലയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; ഇതിൽ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചു; എത്ര

കോടി രൂപ ഇതിനായി വിനിയോഗിച്ചു;

(ബി) വയനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ; ഏതെല്ലാം മേഖലകളിൽ എത്ര കോടി രൂപ ഇതിനായി വിനിയോഗിച്ചു;

(സി) പ്രളയത്തെത്തുടർന്ന് കൃഷിനാശത്തിന് ജില്ലയിൽ എത്ര തുകയുടെ നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്തു; ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) ഇനി നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എന്നു കൊടുത്തു തീർക്കും; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കേരഗ്രാമം പദ്ധതി

6202. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിലൂടെ നടപ്പിലാക്കുന്നത് എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ പുതുതായി കേരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരെഞ്ഞെടുത്തിട്ടുണ്ടോ; അവയുടെ വിശദാംശം നൽകുമോ?

സുഗന്ധവ്യഞ്ജനവിളകളുടെ കൃഷി

6203. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, രാജു എബ്രഹാം

,, പി.കെ. ശശി

,, സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയിൽ മുൻനിരസ്ഥാനം വഹിക്കുന്ന സുഗന്ധവ്യഞ്ജനവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കുരുമുളകിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കുരുമുളക് പുനരുജ്ജീവനപദ്ധതി പ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സുഗന്ധവ്യഞ്ജനവിളകളുടെ ഉല്പാദനക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിച്ചും രോഗങ്ങളും ക്ഷുദ്രകീടങ്ങളും മൂലമുള്ള കൃഷിനഷ്ടവും വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും പരിഹരിച്ച് സുഗന്ധവിള കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മികച്ച വിദേശനാണ്യ സമ്പാദനത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ കാർഷികമേഖലയിലെ നിക്ഷേപം

6204. ശ്രീ.ചിറ്റയം ഗോപകുമാർ

,, ഇ.കെ.വിജയൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമേഖലയിലെ നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നീക്കമുണ്ടോ;

(ബി) കാർഷികമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നത് സമ്പദ് വ്യവസ്ഥയിൽ ഒരു മൾട്ടിപ്ലയർ ഇഫക്ട് ഉണ്ടാക്കുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ കാർഷികമേഖലയിലെ സർക്കാർ ചെലവ് ദേശീയനിരക്കുമായി താരതമ്യം ചെയ്ത് വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളിൽ മുൻകാലത്തുണ്ടായിരുന്ന ഉല്പാദന മേഖലയ്ക്കുള്ള മിനിമം വകയിരുത്തൽ നിബന്ധന പുനഃസ്ഥാപിക്കുമോ; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ആദായകരമായ വില ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>സമഗ്ര പച്ചക്കറി വികസനപദ്ധതി</u>

6205. ശ്രീ.റ്റി.വി.രാജേഷ്

,, പി. ഉണ്ണി

,, കെ. ആൻസലൻ

,, മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസനപദ്ധതിയിൻകീഴിൽ പച്ചക്കറി ഉല്പാദന കമ്പനികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഫീൽഡ് സർവ്വേ പൂർത്തീകരിച്ച് പ്രൈമറി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി സംഭരണത്തിനായി എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നഗരപ്രദേശങ്ങളിൽ ഹരിതനഗരി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) മട്ടുപ്പാവ് കൃഷി, ഗ്രോബാഗ് കൃഷി എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി ഗുണമേന്മയുള്ള വിത്ത്, തൈകൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ജൈവപച്ചക്കറി കൃഷി</u>

6206. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറിയുടെ വിപണനത്തിനായി നിലവിൽ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(ബി) സാധാരണ ജനങ്ങൾക്ക് ജൈവപച്ചക്കറി ലഭിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

## വ്യാവസായികാടിസ്ഥാനത്തിൽ ജൈവപച്ചക്കറി ഉല്പാദനം

6207. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത നടപടിയിലൂടെ കർഷകന്റെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും നല്ല വില ലഭിയ്ക്കുന്നതിനും അവസരമൊരുക്കുന്നതിന് പദ്ധതി ആവിഷ്കരിയ്ക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിൽ അധികമായി ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ വിപണനം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## ഉത്സവ സീസണുകളിൽ ആവശ്യമായ പച്ചക്കറി

6208. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്സവ സീസണുകളിൽ ആവശ്യമായ പച്ചക്കറികൾക്ക് ഇതരസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കീടനാശിനികൾ തളിച്ച പച്ചക്കറികൾ തടയുന്നതിന് നടപടി

6209. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യാപകമായി മാരകമായ കീടനാശിനികൾ തളിച്ച പച്ചക്കറികൾ കേരളത്തിലെ വിപണിയിലേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിനും ആയത് പരിശോധിച്ച് നടപടി എടുക്കുന്നതിനും കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് കേരളത്തിലെ പച്ചക്കറി മാർക്കറ്റുകൾ, പച്ചക്കറി വില്പന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കൃഷി വകുപ്പ് പരിശോധന നടത്താറുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത വിഷയങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

## പിറവം നിയോജകമണ്ഡലത്തിൽ നെൽകൃഷി

6210. ശ്രീ.അനൂപ് ജേക്കബ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നെൽകൃഷി ചെയ്തുവരുന്ന എത്ര ഹെക്ടർ നിലമാണ് നിലവിലുള്ളതെന്നറിയിക്കുമോ;

(ബി) തരിശായി കിടക്കുന്ന എത്ര ഹെക്ടർ നിലമുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) തരിശായി കിടന്ന എത്ര ഹെക്ടർ നിലം കൃഷി യോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി</u>

6211. ശ്രീ.പാറക്കൽ അബ്ദുല്ല **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിലായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) എന്നാൽ ഇതിനെക്കാൾ കൂടുതൽ തരിശ് നെൽവയലുകളാണ് മണ്ഡലത്തിലുള്ളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ തരിശ് നെൽവയലിന്റെ വിസ്തൃതി പഞ്ചായത്ത് തലത്തിൽ എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ തരിശ് നെൽവയൽ കൃഷി യോഗ്യമാക്കാൻ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

(ഡി) ഇതുവഴി എത്ര ഹെക്ടർ തരിശ് നിലം കൃഷിയോഗ്യമാക്കി പരിവർത്തിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ഇ) ശേഷിക്കുന്ന തരിശ് നെൽവയലിൽ കൃഷിയോഗ്യമാക്കി പരിവർത്തിക്കാൻ കഴിയുന്നതിന്റെ വിസ്തീർണ്ണമെത്രയാണ്; വിശദാംശങ്ങൾ നൽകുമോ?

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കൈപ്പാട് കൃഷി</u>

6212. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന്, കണ്ണപുരം, ഏഴോം, പട്ടുവം ഗ്രാമപഞ്ചായത്തുകളിലെ കൈപ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും അനുവദിച്ച 1023 ലക്ഷം രൂപയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

<u>നെൽകൃഷിക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ</u>

6213. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ; ഉത്പാദന ബോണസ്സ് സ്കീം നിലവിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കേന്ദ്രഗവൺമെന്റ് നെൽകൃഷിക്കാർക്ക് നേരത്തെ നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ ഇപ്പോഴും നൽകിവരുന്നുണ്ടോ ; ഇവയിലേതെങ്കിലും നിർത്തലാക്കിയിട്ടുണ്ടോ ?

<u>സർക്കാരിന്റെ ഉടമസ്ഥതയിൽ റൈസ് മില്ലുകൾ</u>

6214. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ ഉടമസ്ഥതയിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ</u>

6215. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളെന്തെന്ന് വിശദീകരിക്കുമോ;

(ബി) തരിശുനിലങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് ഏറ്റെടുക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(ഡി) അരിയുടെയും നെല്ലിന്റെയും വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിച്ച് പൊതു വിപണിയിൽ വിൽപ്പന നടത്തുന്നതിന് ഏതെങ്കിലും പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി</u>

6216. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>നാളികേര കൃഷി വികസനം</u>

6217. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേര കൃഷി വികസനത്തിന് തെങ്ങിൻ തൈകൾ നൽകുന്ന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള എന്തെങ്കിലും

പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

കേരഫെഡിലെ നിയമനങ്ങൾ

6218. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് തീരുമാനമെടുത്തതെന്നും അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(ബി) കേരഫെഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന് ഹൈക്കോടതി വിധി നിലവിലുണ്ടോ; ഇതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത വിധി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യകേസ് നിലവിലുണ്ടോ; അതിന്റെ വിശദാംശം നൽകുമോ;

(ഡി) കേരഫെഡിൽ ഇപ്പോൾ എത്ര ജീവനക്കാരാണുള്ളത്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; തസ്തിക തിരിച്ച് വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരഫെഡിൽ നിയമിച്ചവർ ആരെല്ലാം; തസ്തിക തിരിച്ച് വിശദമാക്കുമോ;

(എഫ്) കേരഫെഡിൽ നിന്നും വിരമിച്ച ആർക്കെങ്കിലും താൽക്കാലികാടിസ്ഥാനത്തിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ പുനർനിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമാണെന്നും ഏത് തസ്തികയിലാണെന്നും എന്നു മുതലാണെന്നും ഇവരുടെ ശമ്പളം എത്രയാണെന്നും വിശദമാക്കുമോ?

പച്ചത്തേങ്ങസംഭരണം

6219. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ച തേങ്ങയുടെ വില മുൻ വർഷത്തെ അപേക്ഷിച്ച് വളരെയധികം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പച്ചത്തേങ്ങയിലുണ്ടായ വിലയിടിവ് മൂലം ബുദ്ധിമുട്ടുന്ന കേര കർഷകരെ സഹായിക്കുന്നതിന് എന്ത് വിലക്കാണ് പച്ചത്തേങ്ങ സംഭരിക്കുന്നതെന്നറിയിക്കുമോ?

തെങ്ങിൻതോട്ടങ്ങളുടെ പുനരുജ്ജീവനത്തിന് പദ്ധതി

6220. ശ്രീ.സി. ദിവാകരൻ

,, മുല്ലക്കര രത്നാകരൻ

,, എൽദോ എബ്രഹാം

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ സംയോജിത കൃഷി പരിപാലനമുറകൾ സ്വീകരിച്ച് തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തെങ്ങിൽ നിന്നുള്ള വിളവെടുപ്പ് സുഗമമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി കുറിയ ഇനം തെങ്ങുകളുടെ തൈകൾ വിതരണം ചെയ്യുന്നുണ്ടോ;

(സി) കേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിന് പത്ത് വർഷം നീണ്ടു നിൽക്കുന്ന ബൃഹദ് പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തെങ്ങുകയറ്റത്തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

റബ്ബറിന് താങ്ങുവില

T 6221. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റബ്ബറിന് താങ്ങുവില നിശ്ചയിച്ചത് എന്ന് മുതലാണ്; വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട് ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ ഇത്തരത്തിൽ താങ്ങുവിലയായി കർഷകർക്ക് നൽകിയിട്ടുണ്ട്;വിശദമാക്കാമോ;

(സി) റബ്ബറിന്റെ താങ്ങുവില മുൻകാലപ്രാബല്യത്തോടെ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

കീടനാശിനികളുടെ അശാസ്ത്രീയ പ്രയോഗം

6222. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവൃത്തിയെ സംബന്ധിച്ച്ശാസ്ത്രീയമായ അറിവ് കർഷകർക്ക് നൽകുന്നതിന് കൃഷി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇക്കാര്യത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം ഫലപ്രദമാണോ; അല്ലെങ്കിൽ എന്തുകൊണ്ട് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് അശാസ്ത്രീയമായ കീടനാശിനി പ്രയോഗവും രാസവള പ്രയോഗവും കർഷകർ അവലംബിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമുണ്ടാക്കുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ ഇക്കാര്യത്തിൽ കൃഷിവകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്ത് നിരോധിച്ച കീടനാശിനികൾ ഇപ്പോഴും വ്യാപകമായ തോതിൽ ഉപയോഗിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയിലെ കൃഷിനാശം

6223. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ഇടുക്കി ജില്ലയിൽ എത്ര കർഷകരുടെ കൃഷി ഭൂമിക്കാണ് നാശനഷ്ടം സംഭവിച്ചത്;

(ബി) എത്ര രൂപയുടെ കൃഷിനാശമാണ് ഉണ്ടായതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇവർക്ക് നാളിതുവരെ എത്ര രൂപയുടെ നഷ്ടപരിഹാരമാണ് നൽകിയിട്ടുള്ളത്;

(ഡി) പട്ടയം ഇല്ലാത്ത കർഷകരുടെ ഭൂമി നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

6224. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ എത്ര കത്തുകൾ കേന്ദ്രഗവൺമെന്റിന് അയച്ചിട്ടുണ്ട്; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനായി സർക്കാർ എത്ര തവണ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ട്; പ്രസ്തുത ചർച്ചയുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

6225. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടും പ്രളയത്തിലും മറ്റ് പ്രകൃതിക്ഷോഭങ്ങളിലുംപെട്ട് കൃഷിനാശം സംഭവിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് വൈകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താനൂർ നിയോജകമണ്ഡലത്തിലും തിരൂർ, താനൂർ ബ്ലോക്കുകളിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് ഏതു വർഷം വരെയുള്ള ധനസഹായമാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ;

(സി) താനൂർ നിയോജകമണ്ഡലത്തിലെ കഴിഞ്ഞ 3 വർഷങ്ങളിലെ കൃഷിനാശം സംബന്ധിച്ച കണക്കുകൾ പഞ്ചായത്ത്, മുൻസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്കായി കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച് ദുരിതം അനുഭവിക്കുന്ന കർഷകർക്ക് സമയബന്ധിതമായി സർക്കാർ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലയ്ക്കുള്ള പ്രളയാനന്തര കാർഷികസഹായങ്ങൾ

6226. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയകാലത്ത് പാലക്കാട് ജില്ലയിലെ കാർഷികമേഖലയിലുണ്ടായ നഷ്ടം വ്യക്തമാക്കാമോ;

(ബി) പ്രളയദുരിതത്തിൽപ്പെട്ട പാലക്കാട് ജില്ലയിലെ കർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകിയ സഹായത്തിന്റെ വിശദാംശം താലൂക്കടിസ്ഥാനത്തിൽ വിശദമാക്കാമോ?

## പെരുങ്കടവിളയിൽ കൃഷിനാശം

6227. ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാർഷിക മേഖലയിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; ആയതിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ സഹായത്തിന്റെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) വിള ഇൻഷ്വർ ചെയ്യിട്ടില്ലാത്ത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

## വിള ഇൻഷ്വറൻസ് പദ്ധതിയുടെ പുനസംഘടന

6228. ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.പി.വി. അൻവർ
,, കാരാട്ട് റസാഖ്
,, കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വിള ഇൻഷ്വറൻസ് പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിള നഷ്ടപരിഹാര തുകയിൽ കാര്യമായ വർദ്ധനവ് വരുത്തിക്കൊണ്ട് പുനസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്തുന്നതിനും വിളനാശമുണ്ടായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാര തുക സമയബന്ധിതമായി നല്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം

6229. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കാർഷിക കടാശ്വാസ കമ്മീഷനിൽ തീർപ്പുകല്പിക്കുന്നതിനായി എത്ര അപേക്ഷകൾ ശേഷിച്ചിരുന്നുവെന്നും ആയത് നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടാശ്വാസ കമ്മീഷനിൽ ലഭിച്ച എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചുവെന്നും അതുമൂലം എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കാർഷിക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം നിലവിൽ എത്ര തുകയാണെന്നും ആയത് ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്രയായിരുന്നുവെന്നും വിശദമാക്കുമോ;

(ഡി) കാർഷിക കടാശ്വാസ കമ്മീഷനിൽ വരുന്ന അപേക്ഷകൾ സത്വരമായി തീർപ്പുകൽപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>കാർഷിക വായ്പകളിലെ ജപ്തിനടപടി</u>

6230. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ എല്ലാ വായ്പകൾക്കും 2019 ഡിസംബർ 31 വരെ മൊറട്ടോറിയം ഏർപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം സംസ്ഥാനതല ബാങ്കേഴ്സ് സമിതി നിരാകരിച്ചതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇതു മൂലം ബുദ്ധിമുട്ടിലാകുന്ന കർഷകരുടെ എണ്ണം എത്രയാണെന്നറിയിക്കുമോ;

(സി) ജൂലായ് 31-ന് ശേഷം കാർഷിക വായ്പകളിൽ ജപ്തിയുണ്ടാകുമെന്ന സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പത്രപരസ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാരിനെതിരെയുള്ള ബാങ്കുകളുടെ ഇത്തരം സമീപനം കർശനമായി നേരിടാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>മൊറട്ടോറിയത്തിന് അനുമതി നിഷേധിച്ച റിസർവ് ബാങ്ക് നടപടി</u>

6231. ശ്രീ.പി.ടി. തോമസ്

,, ഐ.സി.ബാലകൃഷ്ണൻ

,, അനിൽ അക്കര

,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ എടുത്ത എല്ലാ വായ്പകൾക്കും സംസ്ഥാന സർക്കാർ 2019 ഡിസംബർ മാസം 31 വരെ ഏർപ്പെടുത്തിയ മൊറട്ടോറിയത്തിന് റിസർവ് ബാങ്ക് അനുമതി നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; വ്യക്തമാക്കാമോ;

(ബി) മൊറട്ടോറിയത്തിന് അനുമതി നിഷേധിച്ച സാഹചര്യത്തിൽ ബാങ്കുകൾ കർഷകർക്കെതിരെ ജപ്തി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആർ.ബി.ഐ.യുടെ നടപടിക്കെതിരെ ആർ.ബി.ഐ.യുടെ ഉന്നത തലത്തിലുള്ളവരെ നേരിട്ട് കണ്ട് സംസ്ഥാന സർക്കാരിന്റെ നിലപാട് വിശദീകരിക്കുന്നതിനും 2019 ഡിസംബർ മാസം 31 വരെ നീട്ടിയ മോറട്ടോറിയത്തിന് അംഗീകാരം വാങ്ങുന്നതിനും വേണ്ട നടപടി കൈക്കൊള്ളുമോ?

<u>കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ</u>

6232. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം കമ്പനി, ബോർഡ്, കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതിന് നടപടി സ്വീകരിക്കാത്ത കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; നാളിതുവരെയായിട്ടും പ്രസ്തുത തസ്തികയിലെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ കമ്പനി, ബോർഡ്, കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## കൃഷി ആഫീസർമാരുടെ ഒഴിവുകൾ

6233. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ കൃഷി ആഫീസർമാരുടെ എത്ര തസ്തികയാണ് ഒഴിഞ്ഞു കിടക്കുന്നത്;

(ബി) പ്രസ്തുത മണ്ഡലത്തിന്റെ കാർഷികപ്രാധാന്യം കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന കൃഷി ആഫീസർമാരുടെ തസ്തികകൾ നികത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

## മഞ്ചേരി നിയോജകമണ്ഡലത്തിലെ പ്ലാന്റ് ക്ലിനിക്കും ഇക്കോ ഷോപ്പും

6234. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റ് ക്ലിനിക്കും ഇക്കോ ഷോപ്പും നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാകുന്നത്; വിശദമാക്കാമോ;

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷി ഓഫീസുകളിലാണ് നിലവിൽ പ്ലാന്റ് ക്ലിനിക്കും ഇക്കോ ഷോപ്പും പ്രവർത്തിച്ചു വരുന്നത്; വിശദാംശം നൽകുമോ;

(സി) പുതുതായി ഏതെല്ലാം പ്രദേശങ്ങളിലാണ് പ്ലാന്റ് ക്ലിനിക്കും ഇക്കോ ഷോപ്പും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കൈയ്പാട് സ്പെഷ്യൽ സോൺ

6235. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രത്യേക കാർഷികമേഖല പദ്ധതിയിൽ ഉൾപ്പെടുന്ന കണ്ണൂർ ജില്ലയിലെ കൈയ്പാട് സ്പെഷ്യൽ സോണിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; അവിടെ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ആലത്തൂരിലെ കാർഷിക പദ്ധതികൾ

6236. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ 2019-20 ലെ പദ്ധതികളിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ കാർഷിക മേഖലയിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ ഹരിതകേരളം പദ്ധതി

6237. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ?

വിള ഇൻഷുറൻസ് പദ്ധതി പരിഷ്കരിക്കാൻ നടപടി

6238. ശ്രീ.കെ.സുരേഷ് കുറുപ്പ്
,, പി.വി. അൻവർ
,, ബി.ഡി. ദേവസ്സി
,, കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിത്ത്, വളം, കൂലി എന്നിവയ്ക്കായുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം കർഷകരെ കടക്കെണിയിലാക്കുന്നത് ഒഴിവാക്കാൻ നഷ്ടപരിഹാരത്തുക ഉയർത്തി വിള ഇൻഷുറൻസ് പദ്ധതി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ വിള ഇൻഷുറൻസ് പദ്ധതിയിലൂടെ കർഷകർക്ക് പ്രയോജനം ലഭിക്കുന്നില്ലെന്ന വാർത്തയുടെ പശ്ചാത്തലത്തിൽ സംസ്ഥാനസർക്കാരിന്റെ വിള ഇൻഷുറൻസ് പദ്ധതിയെക്കുറിച്ചും അതിന്റെ നടത്തിപ്പിനെക്കുറിച്ചും വിശദമാക്കാമോ;

(സി) കാർഷികമേഖലയിൽ വായ്പയുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വാണിജ്യ ബാങ്കുകൾ കാർഷികവായ്പ അനുവദിക്കുന്നതിന് കാണിക്കുന്ന വിമുഖത അവസാനിപ്പിക്കുന്നതിന് ഇടപെടാൻ സാധിക്കുമോ; വായ്പാസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കാർഷികകടങ്ങളുടെ മൊറട്ടോറിയം അംഗീകരിക്കാനാവില്ലെന്ന ബാങ്കുകളുടെ ധിക്കാരപൂർവ്വമായ നിലപാട് തിരുത്തിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ;

(ഡി) പ്രകൃതിക്ഷോഭത്തെ നേരിടുന്നതിനും കീടബാധ നിയന്ത്രിക്കുന്നതിനും പ്രത്യേക പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുകുളങ്ങളുടെ സംരക്ഷണം

6239. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങൾ മാലിന്യം നീക്കി, ആഴം കൂട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ പ്രകാരം എത്ര കുളങ്ങൾ നവീകരിച്ചു; വിശദമാക്കുമോ?

<u>കൊരട്ടിച്ചാലിന്റെ സംരക്ഷണം</u>

6240. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി, കാടുകുറ്റി പഞ്ചായത്തുകളിലും കൊടുങ്ങല്ലൂർ മണ്ഡലത്തിലെ അന്നമനട പഞ്ചായത്തിലും ഉൾപ്പെടുന്ന കൊരട്ടിച്ചാലിന്റെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികളാണ് പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരിക്കാൻ ഏതെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, തടസ്സങ്ങൾ നീക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പ്രോജക്ടിന്റെ 2-ാം ഘട്ടത്തിന് അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഗായത്രിപ്പുഴ നീർത്തട സംരക്ഷണ പദ്ധതി</u>

6241. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല, കൊണ്ടാഴി, പഴയന്നൂർ, ചേലക്കര അടക്കമുള്ള ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കാർഷിക വിളകൾ ഉല്പാദിപ്പിക്കുന്നതിന് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയ ഗായത്രിപ്പുഴ നീർത്തട സംരക്ഷണ പദ്ധതിക്ക് ഭരണാനുമതി നൽകിയോ; എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇതെന്ന് അറിയിക്കുമോ;

(ബി) കർഷകർക്ക് വലിയ തോതിൽ പ്രയോജനം ചെയ്യുന്ന ഈ പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>പ്രളയത്തിനുശേഷമുള്ള മണ്ണിന്റെ ഫലഭൂയിഷ്ഠത</u>

6242. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടമായത് കൃഷി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് കൃഷിയെ ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ; മണ്ണ് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഇതിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; പഠന റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>കാർഷികമേഖലയുടെ വളർച്ചയ്ക്കായി കാർഷികസർവ്വകലാശാലയുടെ ഗവേഷണം</u>

6243. ശ്രീ.ആർ. രാജേഷ്

,, യു. ആർ. പ്രദീപ്

,, കെ. ബാബു

,, ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് അനുഗുണമായ നിലയിൽ കാർഷികസർവ്വകലാശാലയുടെ ഗവേഷണഫലങ്ങളും സഹകരണവും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രളയാനന്തര കേരളത്തിലെ കാർഷികവൃത്തിയിൽ കാതലായ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) മണ്ണിനും മനുഷ്യനും ആപത്കരമായ കീടനാശിനി പ്രയോഗവും രാസവളപ്രയോഗവും കുറച്ച് ജൈവകാർഷിക സംസ്കാരം ഉയർത്തികൊണ്ടുവരുന്നതിനായി സർക്കാർ നടത്തിവരുന്ന ശ്രമങ്ങൾക്ക് സഹായകരമായ നിലയിൽ സർവ്വകലാശാലയുടെ ഇടപെടൽ ഉണ്ടാകുന്നുണ്ടോ;

(ഡി) കാർഷികസർവ്വകലാശാലയുടെ കീഴിൽ പുതിയ കോഴ്സുകളും കോളേജുകളും ആരംഭിച്ചതിന് ആനുപാതികമായി അവിടങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>കേരള കാർഷികസർവ്വകലാശാലയുടെ ബൗദ്ധികസ്വത്തവകാശ സെൽ</u>

6244. ശ്രീ.എം.ഉമ്മർ

,, ടി. വി. ഇബ്രാഹിം

,, സി.മമ്മൂട്ടി

,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷികസർവ്വകലാശാലയിലെ ബൗദ്ധികസ്വത്തവകാശ സെല്ലിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാർഷിക ഉത്പന്നങ്ങൾക്ക് ഭൗമസൂചികാ രജിസ്ട്രേഷൻ നേടുന്നതിന് വകുപ്പുതലത്തിൽ എന്തെല്ലാം പ്രോത്സാഹനമാണ് നൽകിവരുന്നത്; വിശദാംശം നൽകുമോ;

(സി) കാർഷിക ഉത്പന്നങ്ങൾക്ക് ഭൗമസൂചികാപദവി നേടിയെടുത്തശേഷം മെച്ചപ്പെട്ട വിലയും വിപണിയും കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രം</u>

6245. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷി വകുപ്പിനു കീഴിലുള്ള പുതുപ്പാടി വിത്തുല്പാദന കേന്ദ്രം കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രമായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>കാർഷികസർവ്വകലാശാലയിലെ പുതിയ പഠനവകുപ്പുകൾ</u>

6246. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളകാർഷിക സർവ്വകലാശാലയിൽ ഓർഗാനിക് ഫാമിംഗ്, റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ്, നാനോ സയൻസ്, ഐ.പി.ആർ. ആൻഡ് ടെക്നോളജി മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ നാല് പുതിയ പഠനവകുപ്പുകൾ സ്ഥാപിക്കുവാൻ സർവ്വകലാശാലാ അക്കാദമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കാമോ;

(ബി) കേരള കാർഷികസർവ്വകലാശാലയിലോ മറ്റേതെങ്കിലും കാർഷിക കോളേജുകളിലോ ഓർഗാനിക് ഫാമിംഗ് എന്ന വിഷയത്തിൽ കോഴ്സുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>തെരുവ് കച്ചവടക്കാരുടെ പുനരധിവാസം</u>

6247. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയ തെരുവ് കച്ചവട നിയമം 2014 നടപ്പിലാക്കുക വഴി സംസ്ഥാനസർക്കാരിന് പ്രസ്തുത കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് ഉണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കച്ചവടക്കാർക്ക് നൈപുണ്യ വികസന പരിശീലനം നൽകുക വഴി ഈ മേഖലയിൽ എത്ര മാത്രം പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കുടുംബശ്രീ മാതൃകയിൽ തെരുവ് കച്ചവടക്കാരെ ഏകോപിപ്പിച്ച് പുതിയ സംരംഭം തുടങ്ങുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ.നിലവാരം</u>

6248. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. നിലവാരത്തിൽ എത്തിക്കുന്നതിനായി സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഐ.എസ്.ഒ. നിലവാരത്തിൽ എത്തിക്കുന്നതിനായി

നാളിതുവരെ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; എന്തിനെല്ലാം വേണ്ടി എന്നും ഇതിൽ എത്ര തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം അനുവദിച്ചിട്ടുണ്ടെന്നും വിവരിക്കുമോ;

(ബി) ഐ.എസ്.ഒ. ഗുണനിലവാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഗ്രാമപഞ്ചായത്തുകളിലെ ഐ.എസ്.ഒ. നിലവാരം പരിശോധിക്കുന്നതിന് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത്തരം മാനദണ്ഡങ്ങൾ പരിശോധിക്കുന്നത് സർക്കാർ നേരിട്ടാണോ അതോ ഏജൻസി മുഖാന്തരമാണോ; വ്യക്തമാക്കുമോ;

(സി) നാളിതുവരെ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് സർവ്വീസുമായി (ഐ.എസ്.ഒ.) ബന്ധപ്പെട്ട് സർക്കാരിതര സംവിധാനങ്ങൾക്ക് എത്ര തുക കൈമാറിയിട്ടുണ്ട്;

(ഡി) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയ ഗ്രാമപഞ്ചായത്തുകൾ തുടർ വർഷങ്ങളിലും ഈ ഗുണമേന്മ നിലനിർത്തുന്നത് പരിശോധിക്കാൻ സംവിധാനമുണ്ടോ; അറിയിക്കാമോ;

(ഇ) ഐ.എസ്.ഒ. ലഭിച്ച ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ടോ; പഞ്ചായത്തുകളിൽ ഐ.എസ്.ഒ. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഒരുക്കുന്നതിനായി നാളിതുവരെ പഞ്ചായത്തുകൾ ചെലവഴിച്ച ആകെ തുകയുടെ വിവരം ലഭ്യമാണോ;

(എഫ്) പ്രസ്തുത ചെലവുകൾക്കും ഗുണനിലവാരം നിലനിർത്തുന്നതിന് തുടർ വർഷങ്ങളിൽ ആവശ്യമാകുന്ന തുകയും ചേർത്തുവരുന്ന ആകെ തുക, ജീവനക്കാരുടെ ദൗർലഭ്യം മൂലം പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കാൻ നിർവ്വാഹമില്ലാത്ത പഞ്ചായത്തുകളിൽ ഒരു ക്ലർക്കിനെയെങ്കിലും അനുവദിച്ചാൽ ചെലവാകുന്ന തുകയുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ</u>

6249. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>കിണർ റീചാർജിംഗ്</u>

6250. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂഗർഭ ജലനിരപ്പ് താഴ്ന്ന് വരുകയും കുടിവെള്ളക്ഷാമം രൂക്ഷമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ കിണർ റീചാർജിംഗ് ഒരു പരിധി വരെ ഫലപ്രദമാണെന്ന് തെളിയിച്ച ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുഴുവൻ വീടുകളിലും കിണർ റീചാർജിംഗ് ചെയ്യാൻ കഴിയുന്ന വിധത്തിൽ കിണർ റീചാർജിംഗ് ഒരു നിർബന്ധിത പദ്ധതിയായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

6251. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോര കച്ചവടക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് ഐ.ഡി. കാർഡും ലൈസൻസും നൽകുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## പ്രവാസി സംരംഭകന്റെ ആത്മഹത്യ

6252. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

,, പി.ഉബൈദുള്ള

,, പാറക്കൽ അബ്ദുല്ല

,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണത്തിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈൻ വഴിയാക്കിയെങ്കിലും നിസ്സാര കാരണങ്ങൾ പറഞ്ഞ് പെർമിറ്റ് നൽകുന്നത് മനപൂർവ്വം വൈകിപ്പിക്കുന്നതും ബന്ധപ്പെട്ട അഴിമതികളും അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭ പരിധിയിൽ പണിത കൺവെൻഷൻ സെന്ററിന് അനുമതി നൽകുന്നതിൽ വീഴ്ചവരുത്തിയതിനെ തുടർന്ന് പ്രവാസി വ്യവസായി ആത്മഹത്യ ചെയ്ത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(സി) പൊതുജനങ്ങളെ ഏറെ ബുദ്ധിമുട്ടിക്കുന്ന സർക്കാർ ജീവനക്കാരിൽ നിന്നുള്ള ഇത്തരം പ്രവണതകൾ ഇനിയെങ്കിലും ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടികൾ കൈകൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദീകരിക്കുമോ?

## പാർത്ഥ കൺവെൻഷൻ സെന്റർ ഉടമ സാജന്റെ ആത്മഹത്യ

6253. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, എ.പി. അനിൽ കുമാർ

,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭയിലെ പാർത്ഥ കൺവെൻഷൻ സെന്ററിന് ഓക്യുപെൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പരും മനഃപൂർവ്വം നൽകാതെ അതിന്റെ ഉടമസ്ഥനായ സാജനെ

മാനസികമായി പീഢിപ്പിച്ച് ആത്മഹത്യയിലേക്ക് നയിച്ചത് പ്രസ്തുത നഗരസഭയിലെ ചില ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരാണ് അതിന് കാരണക്കാരെന്ന് കണ്ടെത്തിയിട്ടുള്ളത്;

(സി) അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇ-ഓഫീസ് സംവിധാനം

6254. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനം ഏതൊക്കെ ജില്ലയിലാണ് നിലവിൽ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികൾക്കുള്ള ക്ഷേമപദ്ധതികൾ

6255. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, മുൻസിപ്പൽ കൗൺസിലർമാർ, കോർപ്പറേഷൻ കൗൺസിലർമാർ, മുൻ അംഗങ്ങൾ എന്നിവർക്കായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പിലാക്കി വരുന്നത് വിശദമാക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് രൂപീകരിച്ച ഉപസമിതി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സംരംഭകരോട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സമീപനം

6256. ശ്രീ.വി.ഡി.സതീശൻ

,, കെ.എസ്.ശബരീനാഥൻ

,, ഷാഫി പറമ്പിൽ

,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ നിയമനിർമ്മാണം നടത്തിയെങ്കിലും നിക്ഷേപങ്ങൾ നടത്തുവാൻ മുന്നോട്ട് വരുന്ന പ്രവാസികളെ ഓരോ കാരണം പറഞ്ഞ് മാനസികമായി പീഡിപ്പിക്കുന്നതും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആന്തൂർ നഗരസഭയിലെ സാജൻ എന്ന പ്രവാസി മാനസികമായ പീഡനം മൂലം ആത്മഹത്യ ചെയ്യാനിടയായ സംഭവം നിക്ഷേപം നടത്തുന്നതിന് മുന്നോട്ട് വരുന്നവരെ പിൻതിരിപ്പിക്കുന്നതിന് ഇടയാക്കുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) സാജന്റെ ആത്മഹത്യക്ക് കാരണം തദ്ദേശ ഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുമാണ് വീഴ്ചയുണ്ടായത്;

(ഡി) ആന്തൂർ നഗരസഭ അദ്ധ്യക്ഷയുടെ ഭീഷണിയും പകപോക്കൽ നടപടിയുമാണ് ഈ പ്രവാസിയുടെ ആത്മഹത്യക്ക് കാരണമെന്ന് അദ്ദേഹത്തിന്റെ കുടുംബം ആക്ഷേപം ഉന്നയിച്ചിട്ടുള്ളതായി അറിയാമോ;

(ഇ) തദ്ദേശ ഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ മാത്രം കുറ്റക്കാരായി കണക്കാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

## ഇടക്കൊച്ചി കെ.എസ്.ഇ.ബി.ഓഫീസിന് നഗരസഭയുടെ സ്ഥലം

6257. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിൽ നഗരസഭ വക സ്ഥലത്ത് എൻ.യു.എൽ എം . മുഖേന സ്ഥാപിക്കാനുദ്ദേശിക്കുന്ന നൈറ്റ് ഷെൽറ്ററിനായി 50 സെന്റും ഡിസെന്റട്രലൈസ്ഡ് സിവറേജ് പദ്ധതിയ്ക്കായി 20 സെന്റും കഴിച്ച് ബാക്കിയുള്ള സ്ഥലത്ത് നിന്ന് 10 സെന്റ് പള്ളുരുത്തി മേഖലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ വൈദ്യുതി പ്രശ്നത്തിന് പരിഹാരമായി അനുവദിച്ച ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കാനായി അനുവദിക്കാത്തിന് കാരണം വ്യക്തമാക്കാമോ?

## പഞ്ചായത്ത് രാജ് നിയമത്തിലെ അസാധാരണ ചെലവുകൾ

6258. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ 3ൽ III പ്രകാരം എത്ര ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു അസാധാരണ ചെലവും പഞ്ചായത്തിന്റെ മൊത്തം അംഗ സംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന നിയമമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ചട്ടങ്ങൾ 3ൽ III പ്രകാരം തുക അനുവദിക്കുമ്പോൾ പഞ്ചായത്തുകൾ ഈ നിയമം പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതുപ്രകാരം അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള പ്രമേയങ്ങളുടെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ പ്രമേയം ഇല്ലാതെ പണം അനുവദിച്ച പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന്

വ്യക്തമാക്കാമോ; ആ പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ട്രഷറിയിൽ ക്യൂവിലായ ബില്ലുകൾ

6259. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ചെലവഴിച്ചതിൽ തുക നൽകാതെ ട്രഷറിയിൽ ക്യൂവിലായി എത്ര ബില്ലുകളാണ് കെട്ടിക്കിടക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബില്ലുകളുടെ തുക എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബില്ലുകൾ 2018-2019 സാമ്പത്തികവർഷത്തിൽ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നും ഇനി എപ്പോഴാണനുവദിക്കുകയെന്നും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ വരുന്ന ഫാമുകളുടെ രജിസ്ട്രേഷൻ

6260. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ വരുന്ന പശു, കോഴി മുതലായവയുടെ ഫാമുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്ട്രേഷൻ നടത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ രജിസ്ട്രേഷൻ ഏകജാലകം വഴിയാണോ എന്നും രജിസ്ട്രേഷൻ നടപടിക്രമങ്ങൾ സംബന്ധിച്ചും വ്യക്തമായ വിവരം ലഭ്യമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകാൻ സംവിധാനമുണ്ടോ;

(ഡി) പ്രസ്തുത രജിസ്ട്രേഷനിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ലഭിച്ച ഫണ്ട്

6261. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 ,2017 -18 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയഭരണ വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് എത്രയാണ്; ഇതിൽ സംസ്ഥാനത്തിന്റെ വിഹിതം എത്ര ശതമാനമാണ്; ഓരോ വർഷവും ചെലവഴിക്കാത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ചെലവഴിക്കാത്ത തുകയുടെ അൻപത് ശതമാനം തൊട്ടടുത്ത വർഷം നഷ്ടപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭിച്ച ഫണ്ട് കൃത്യമായി വിനിയോഗിക്കുവാൻ കഴിയാത്ത

സാഹചര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കയർഭൂവസ്ത്രം പ്രവൃത്തികൾ

6262. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കയർഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനും മറ്റുമുള്ള പ്രവൃത്തികൾ എത്രമാത്രം ഫലപ്രദമായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തി നടപ്പിലാക്കിയ പദ്ധതിപ്രദേശങ്ങൾ പലതും പൂർവ്വസ്ഥിതിയിൽ മണ്ണൊലിപ്പ് ഭീഷണി നേരിടുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

നിയമനം ലഭിക്കാത്ത പട്ടികജാതി വിഭാഗക്കാരനായ ഒന്നാം റാങ്കുകാരൻ

6263. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ.യിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ/ ടൗൺപ്ലാനർ തസ്തികകളിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിച്ച പട്ടികജാതിക്കാരനായ ഉദ്യോഗാർത്ഥിക്ക് നിയമനം നൽകാത്തതുമായി ബന്ധപ്പെട്ട് പട്ടികജാതി ഗോത്ര വർഗ്ഗ കമ്മീഷൻ സർക്കാരിന് നൽകിയ ഉത്തരവ് എന്തായിരുന്നു; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതൊക്കെ കോടതികളിൽ കേസുകൾ ഉണ്ട്; നിലവിലെ സ്ഥിതി ലഭ്യമാക്കുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ജി.സി.ഡി.എ.യ്ക്ക് ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ലൈഫ് ഭവന പദ്ധതിയിലെ അപേക്ഷകൾ

6264. **ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതിയിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അവയിൽ എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്; എത്ര അപേക്ഷകളിൽ തീരുമാനമെടുത്തു; ഇനി എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ട് എന്നീ വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

6265. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ 2019 മാർച്ച് 31 വരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ബി) സ്വന്തമായി ഭൂമിയില്ലാത്തവർക്കുള്ള വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിവരിക്കാമോ?

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ

6266. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ എത്രയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് നിലവിൽ ലക്ഷ്യമിടുന്നത് ?

## തിരുവനന്തപുരം ജില്ലയിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ

6267. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ അർഹരാണെന്ന് കണ്ടെത്തിയ എത്ര പേർക്കാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിച്ചിട്ടുള്ളതെന്നും ബാക്കിയുള്ളവർക്ക് എന്നത്തേക്ക് അനുവദിക്കാനാകുമെന്നും വ്യക്തമാക്കുമോ?

## കച്ചവട സ്ഥാപനങ്ങളിലെ പാർക്കിംഗ് ഫീസ്

6268. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കച്ചവട സ്ഥാപനങ്ങളിൽ സാധനങ്ങൾ വാങ്ങുവാൻ എത്തുന്നവരിൽ നിന്നും ഉടമസ്ഥർ പാർക്കിംഗ് ഫീസ് ഈടാക്കുന്ന കാര്യം പരിശോധിക്കുമോ; പാർക്കിംഗിന് ഫീസ് വാങ്ങുന്ന

സ്ഥാപനങ്ങളുടെ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ ഇത്തരം പരിശോധന നടക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) കോർപ്പറേഷനുകളിൽ നടത്തിയ പരിശോധനയിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; ഇവയുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള ഷോപ്പിംഗ് മാളുകൾ, ആശുപത്രികൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവയിൽ അമിതമായ തുക പാർക്കിംഗ് ഫീസായി വാങ്ങുന്നകാര്യം നഗരസഭ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് നഗരസഭ സെക്രട്ടറി സ്വീകരിച്ച നടപടികളറിയിക്കുമോ; ഫയൽ കോപ്പികൾ ലഭ്യമാക്കുമോ;

(ഇ) തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്ന തിരുവനന്തപുരം തമ്പാനൂർ റെയിൽവെസ്റ്റേഷൻ പരിസരത്ത് സ്വകാര്യ പാർക്കിംഗ് ഏജൻസികൾക്ക് നൽകിയിരിക്കുന്ന സ്ഥലത്ത് സർക്കാർ വാഹനങ്ങൾ സുഗമമായി പാർക്കുചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പേ ആന്റ് പാർക്കിംഗ് സംവിധാനം

6269. **ശ്രീ.വി.എസ്.ശിവകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഏതൊക്കെ റോഡുകളിലാണ് പേ ആന്റ് പാർക്കിംഗ് സംവിധാനം നഗരസഭ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും ദേശീയ പാതയിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ദേശീയ പാതയിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നത് നിയമവിരുദ്ധമാണെന്ന പൊതുമരാമത്ത് മന്ത്രിയുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിയമോപദേശം തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തലസ്ഥാനത്തെ കൂടുതൽ റോഡുകളിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) 2018ൽ പാർക്കിംഗ് ഫീസ് ഇനത്തിൽ എന്ത് തുക ലഭിച്ചുവെന്നും അതിൽ എത്ര ലക്ഷം രൂപ പിരിക്കുന്ന ജീവനക്കാർക്ക് ശമ്പള ഇനത്തിൽ ചെലവായിയെന്നും അറിയിക്കാമോ?

## തിരുവനന്തപുരം കിഴക്കേകോട്ടയിൽ ഭൂഗർഭ നടപ്പാത

6270. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ തിരുവനന്തപുരം കിഴക്കേകോട്ടയിൽ ആധുനിക സംവിധാനങ്ങളോട് കൂടിയ ഭൂഗർഭ നടപ്പാത നിർമ്മിക്കുവാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അതിന്റെ പദ്ധതി ചെലവ് എത്ര കോടി രൂപയാണ്; മഴക്കാലത്ത് എപ്പോഴും വെള്ളക്കെട്ട് ഉണ്ടാകുന്ന കിഴക്കേകോട്ടയിൽ ഇത്തരം ഭൂഗർഭ പാത പ്രായോഗികമാണോ എന്ന കാര്യം പരിശോധിക്കുമോ?

## എരുമേലി ടൗൺഷിപ്പ്

6271. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച എരുമേലി ടൗൺഷിപ്പുമായി ബന്ധപ്പെട്ട പ്രഖ്യാപനത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) എരുമേലി ടൗൺഷിപ്പിന്റെ പ്രവർത്തനങ്ങൾക്കായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ:

(സി) ടൗൺഷിപ്പിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

6272. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർ നിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റി ആയത് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കമ്മിറ്റി ശിപാർശകൾ സമർപ്പിക്കുവാൻ കാലതാമസം വരുത്തുകയാണെങ്കിൽ സംസ്ഥാനത്തെ വലിയ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## ഓൺലൈൻ വഴി കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം

6273. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് കമ്പനിയുമായിട്ടാണ് ഇത് സംബന്ധിച്ച് കരാർ ഒപ്പിട്ടത്; കുടുംബശ്രീയുടെ എത്ര ഉല്പന്നങ്ങളാണ് ഓൺലൈൻ വഴി വില്പന നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഉല്പന്നങ്ങളുടെ ഓൺലൈൻ വില്പന പ്രോത്സാഹജനകമാണോ; വിശദമാക്കുമോ?

## സ്നേഹിത പദ്ധതി

6274. ശ്രീ.വി. അബ്ദുറഹിമാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ കുടുംബശ്രീയുടെ 'സ്നേഹിത' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ആദിവാസി പട്ടികവർഗ്ഗമേഖലയിലെ കുടുംബശ്രീ സംരംഭങ്ങൾ</u>

6275. ശ്രീ.എം. രാജഗോപാലൻ **:** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീ വഴി ആദിവാസി പട്ടികവർഗ്ഗമേഖലയിൽ എത്ര ഉപജീവന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>കുടുംബശ്രീ മുഖേന തൊഴിൽ പരിശീലന പരിപാടി</u>

6276. ശ്രീ.വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പത്തോളം തൊഴിൽമേഖലകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ആവശ്യമുണ്ടെന്ന് കുടുംബശ്രീ നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന എറൈസ് എന്ന പേരിൽ തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് പരിശീലനം സംഘടിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കുടുംബശ്രീ വഴി മികച്ച സംരംഭകരായി മാറിയ വനിതകളെ കണ്ടെത്തുന്നതിനും അവരുടെ നേട്ടങ്ങൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>കുടുംബശ്രീ മിഷന്റെ പുതിയ പദ്ധതികൾ</u>

6277. ശ്രീ.എ. എൻ. ഷംസീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുടുംബശ്രീ മിഷൻ പുതുതായി തുടങ്ങിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീ മിഷനിൽ ഈ സർക്കാർ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെയാണെന്നും തസ്തികതിരിച്ച് വ്യക്തമാക്കാമോ;

<u>കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനശൃംഖല</u>

6278. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനശൃംഖല വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കുടുംബശ്രീ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സപ്ലൈകോ, ഹോർട്ടികോർപ്പ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എന്നിവയുടെ ഔട്ട്ലെറ്റുകളിലൂടെ കുടുംബശ്രീ ഉല്പന്നങ്ങൾ വിൽക്കുന്നതിന് ധാരണയായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കമ്മീഷനാണ് അവർക്ക് നൽകേണ്ടതെന്ന് വെളിപ്പെടുത്താമോ?

<u>അമൃത് പദ്ധതി പ്രകാരമുള്ള മലിനജല സംസ്കരണ പ്ലാന്റ് നിർമ്മാണം</u>

6279. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര മാനദണ്ഡങ്ങളും ടെണ്ടർ വ്യവസ്ഥകളും തെറ്റിച്ച്, മേഖലയിൽ മുൻപരിചയമില്ലാത്ത സ്വകാര്യ കമ്പനികൾക്കാണോ ഡി.പി.ആർ. സമർപ്പിക്കുവാൻ കൺസൽട്ടൻസി കരാറുകൾ നൽകിയത്; വിശദാംശങ്ങൾ നൽകുമോ;

(സി) നടപ്പാക്കാനാവാത്ത സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ഏജൻസി തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം നിർമ്മാണം ഏറ്റെടുക്കുവാൻ കമ്പനികൾ തയ്യാറാകാത്ത സാഹചര്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) 2020 മാർച്ചിൽ കാലാവധി അവസാനിക്കുന്ന പദ്ധതികൾ ഇനിയും തുടങ്ങാനാകാത്ത സാഹചര്യമുണ്ടോ; മലിനജല പ്ലാന്റുകൾ നിർമ്മിക്കുന്നതിൽ കോടികളുടെ ക്രമക്കേടുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

<u>സെപ്റ്റേജ് മാലിന്യ സംസ്കരണം</u>

T 6280. ശ്രീമതി യു. പ്രതിഭ

ശ്രീ.എ. പ്രദീപ്കുമാർ

,, ബി.സത്യൻ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഗുരുതര പ്രശ്നങ്ങളിലൊന്നായ സെപ്റ്റേജ് മാലിന്യ സംസ്കരണത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തുടനീളം, വിശേഷിച്ച് കുട്ടനാട്ടിൽ ജലാശയങ്ങളിൽ സെപ്റ്റേജ് നിക്ഷേപിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ;

(സി) പ്രധാനപ്പെട്ട മുനിസിപ്പാലിറ്റികളിലും എല്ലാ കോർപ്പറേഷനുകളിലും സീവേജ് സംവിധാനം ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ഡി) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ മൂന്നിലൊരു ഭാഗത്തോളം മാലിന്യം കലർന്നതാണെന്ന പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ കർശനമാക്കിയിട്ടുണ്ടോ?

## കാസർഗോഡ് ജില്ലയിലെ ശുചീകരണ പ്രവർത്തനങ്ങൾ

6281. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ശുചീകരണ പ്രവർത്തനങ്ങളും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും പഞ്ചായത്ത് തലത്തിലും നഗരസഭയ്ക്കകത്തും ശാസ്ത്രീയമായി നടപ്പിലാക്കുന്നുണ്ടോ;

(ബി) ജില്ലയിൽ ഉറവിട മാലിന്യ സംസ്കരണം കാര്യക്ഷമമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നഗരപ്രദേശങ്ങളിൽ അലക്ഷ്യമായ രീതിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങളുൾപ്പെട്ട അജൈവമാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത തടയാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

6282. ശ്രീ.എസ്.ശർമ്മ
ശ്രീമതി യു. പ്രതിഭ
ശ്രീ.വി. കെ. സി. മമ്മത് കോയ
,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ശുചിത്വ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കുന്നതിനായി 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അജൈവ മാലിന്യ സംസ്കരണത്തിനും തരംതിരിക്കലിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്ന മാലിന്യനിർമ്മാർജ്ജന, ശുചീകരണപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പദ്ധതികൾ

6283. ശ്രീ.എം.ഉമ്മർ

,, കെ.എം.ഷാജി

ഡോ.എം. കെ. മുനീർ

ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കടലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്ന കർമ്മപദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;വിശദമാക്കാമോ;

(ബി) ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുമായി ചേർന്ന് ശുചിത്വസാഗരം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഖരമാലിന്യ സംസ്കരണ ചുമതല മുനിസിപ്പാലിറ്റികളെ ഏല്പിച്ചശേഷം ഈ മേഖലയിൽ കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതി, ഗ്യാസ് എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശ്മശാനങ്ങളുടെ നിർമ്മാണം</u>

6284. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വൈദ്യുതി, ഗ്യാസ് എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശ്മശാനങ്ങളുടെ നിർമ്മാണത്തിന് അംഗീകൃത രൂപരേഖ തയ്യാറാക്കുന്നതിന് വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ശ്മശാന നിർമ്മാണങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്നും നിലവിൽ അനുവദിക്കുന്ന തുകയുടെ വിശദാംശങ്ങൾ നൽകുമോ?

## <u>കക്കാട് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭൂമി കൈമാറ്റം</u>

6285. ശ്രീ.കെ.എം.ഷാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17.10.2018-ന് കക്കാട് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭൂമി കൈമാറ്റ അപേക്ഷയുടെ കോപ്പി ഒപ്പിട്ട് റവന്യൂവകുപ്പിന് നൽകുന്നതിനായി കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് എം.എൽ.എ. നൽകിയ 25/KM/2018(1) നമ്പർ കത്തിൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ റവന്യൂവകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും ആയതിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച് നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

## <u>പാമ്പായിമൂല ഇന്ദിരാഗാന്ധി റോഡ് ജംഗ്ഷൻ വികസന പദ്ധതി</u>

6286. ശ്രീ.ജോൺ ഫെർണാണ്ടസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.05.2018 തീയതിയിലെ 1499/2018/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 1.166 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയ പാമ്പായിമൂല ഇന്ദിരാഗാന്ധി റോഡ് ജംഗ്ഷൻ വികസന പദ്ധതി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>തൊഴിലുറപ്പ് പദ്ധതിയിലെ വയോധികർ</u>

6287. ശ്രീ.പാറക്കൽ അബ്ദുല്ല **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിയിൽ ഒരു വർഷത്തിനിടെ നാല്പത്തയ്യായിരത്തോളം വയോധികർ പുതുതായി ജോലിക്കെത്തുകയുണ്ടായോ;

(ബി) അവരെ വയോധികരായ പ്രായത്തിലും ജോലിക്ക് വരാൻ നിർബന്ധിതമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തുമോ; അതിന് പരിഹാരം കാണുമോ;

(സി) പദ്ധതിയിൽ ജോലി ചെയ്യുന്ന യുവാക്കളുടെ എണ്ണം വളരെ കുറവാണോ;

(ഡി) പതിനെട്ടിനും മുപ്പതിനുമിടയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്ര; ഇത് ആകെ തൊഴിലാളികളുടെ എത്ര ശതമാനമാണ്; വ്യക്തമാക്കുമോ?

<u>ഒറ്റപ്പാലത്തെ പി.എം.ജി.എസ്.വൈ. റോഡുകൾ</u>

6288. ശ്രീ.പി. ഉണ്ണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ. ൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>സിനിമ ടിക്കറ്റുകളുടെ വിനോദ നികുതി</u>

T 6289. ശ്രീ.കെ.ബി.ഗണേഷ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വരുന്നതിന് മുൻപ് യഥാക്രമം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ സിനിമ ടിക്കറ്റുകളുടെ വിനോദ നികുതി ഘടന എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നിലവിൽ വന്നതിന് ശേഷം ടിക്കറ്റ് നികുതി ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ്

വന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി.യോടൊപ്പം വിനോദനികുതി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് മലയാള ഭാഷ ചിത്രങ്ങൾക്കാണോ അതോ ഇതരഭാഷ ചിത്രങ്ങൾക്കാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ വിനോദ നികുതി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയാമോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്നും നികുതി ഘടനയും വിശദമാക്കുമോ?

കെട്ടിട നമ്പർ നൽകുവാൻ നടപടി

6290. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിൽ ആസാദ് വെളിയിൽ ജോയി നിർമ്മിച്ച കെട്ടിടത്തിന് 18 വർഷമായി കെട്ടിട നമ്പർ നൽകിയിട്ടില്ലായെന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന് എന്നാണ് അവസാനമായി പഞ്ചായത്ത് കെട്ടിട നികുതി സ്വീകരിച്ചത്; അതിനുശേഷം സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ഇത് സംബന്ധിച്ച് 2011ൽ ആലപ്പുഴ സെഷൻസ് കോടതിയിൽ പഞ്ചായത്ത് അപ്പീൽ പെറ്റീഷൻ നൽകിയിരുന്നോ; പ്രസ്തുത കേസിലെ വിധി എന്തായിരുന്നു;

(ഡി) ജോയിയുടെ കെട്ടിടത്തിന് നമ്പർ നൽകി കരം സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിലെ കാലതാമസം

6291. **ശ്രീ.സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്തുകളുടെ അനുമതിയും നമ്പരും ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പ്രവാസിയായ കാരയ്ക്കാട് ആർ.എസ്.ഭവനിൽ രവികുട്ടപ്പൻ കെട്ടിടം പണി പൂർത്തീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും നമ്പർ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ചട്ടങ്ങൾ പാലിക്കാതെ നടത്തുന്ന കെട്ടിടം പണികൾ പൂർത്തീകരിക്കുന്നതിനുമുൻപുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആയത് പരിശോധിക്കുന്നതിനുള്ള നടപടികൾ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കെട്ടിട നിർമ്മാണത്തിനുള്ള അനുമതിയും അംഗീകാരവും

6292. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിന് അനുമതിക്കായി പ്ലാൻ ഉൾപ്പെടെയുള്ള അപേക്ഷ നൽകിയാൽ എത്ര ദിവസങ്ങൾക്കകമാണ് അനുമതി ലഭ്യമാക്കേണ്ടത്;

നിശ്ചിത ദിവസങ്ങൾക്കകം അനുമതി നല്കിയിട്ടില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ നിലവിലുണ്ടോ;

(ബി) ഈസ് ഓഫ് ഡുയിംഗ് ബിസിനസ് നിയമം വന്നതിനുശേഷം കെട്ടിട നിർമ്മാണത്തിന് ഇതര ഏജൻസികളിൽ നിന്ന് കിട്ടേണ്ട അനുമതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര ദിവസമാണ് കാത്തിരിക്കേണ്ടതെന്ന് വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണം പൂർത്തിയായശേഷം നമ്പർ ലഭിക്കുന്നതിന് നൽകിയ അപേക്ഷകളിൽ എത്ര ദിവസത്തിനകമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനമെടുക്കേണ്ടത്;

(ഡി) നിശ്ചിത തീയതിക്കകം തീരുമാനമെടുത്തിട്ടില്ലെങ്കിൽ കെട്ടിട നിർമ്മാണത്തിന് അംഗീകാരമായതായി കണക്കാക്കി നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

## സ്വകാര്യ കരാറുകാർക്ക് ലൈസൻസ്

6293. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണ മേഖലയിൽ വിവിധ പ്രവൃത്തികൾ കരാറേറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യ കരാറുകാർക്ക് ലൈസൻസ് നൽകുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പാർത്ഥാ കൺവെൻഷൻ സെന്ററിന് അനുമതി നിഷേധം

6294. ശ്രീ.പി.ടി. തോമസ്

,, അനൂപ് ജേക്കബ്

,, അനിൽ അക്കര

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്തൂർ നഗരസഭയിലെ പാർത്ഥാ കൺവെൻഷൻ സെന്ററിന് അനുമതി നിഷേധിക്കേണ്ട തരത്തിലുള്ള ചട്ടലംഘനം ഉണ്ടായിട്ടില്ലായെന്ന് നഗരാസൂത്രണ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിൽ അംഗീകൃത പ്ലാനിന് വിരുദ്ധമായി നിർമ്മാണം നടത്തിയതിനാൽ പൊളിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ട് ആന്തൂർ നഗരസഭ പാർത്ഥ കൺവെൻഷൻ സെന്റർ ഉടമയ്ക്ക് കത്ത് നൽകിയിരുന്നോ;

(സി) ഇതിനെതിരെ നൽകിയ അപേക്ഷയിൽ മുഖ്യ നഗരാസൂത്രണ ഓഫീസറും നഗരസഭ ഉദ്യോഗസ്ഥ തലത്തിലും പരിശോധന നടത്തിയിരുന്നോ ; പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; അതു പ്രകാരം പാർത്ഥ കൺവെൻഷൻ സെന്റർ ഉടമയ്ക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; പ്രസ്തുത നിർദ്ദേശം ടിയാൻ പാലിച്ചിരുന്നോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത കൺവെൻഷൻ സെന്ററിന് ഒക്യുപെൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പരും നൽകാതെ നഗരസഭ അധികൃതർ പ്രവാസിയായ ഉടമയെ മാനസികമായി പീഡിപ്പിച്ചത്

എന്ന് പരിശോധിക്കുമോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ വീഴ്ച</u>

6295. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം പണിയാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ് അനുവദിക്കുകയും എന്നാൽ പണി പൂർത്തിയാകുമ്പോൾ കെട്ടിടത്തിന് നമ്പർ നൽകാതിരിക്കുകയും ചെയ്യുന്ന ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇത്തരത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സർക്കാരിന്റെ നയപരമായ കാര്യങ്ങളെപ്പോലും അട്ടിമറിക്കുന്നതായി ആക്ഷേപമുള്ള ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ കർശനമായി നിയന്ത്രിക്കാനും, അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാനും അടിയന്തരമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി</u>

6296. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നിർമ്മാണത്തിന് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ വിശദീകരിക്കുമോ;

(ബി) നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ പുഴകളിൽ നിന്നും ജലാശയങ്ങളിൽ നിന്നും നിശ്ചിത അകലം പാലിക്കുന്നതിന് നിർദ്ദേശിക്കുമോ; വിശദീകരിക്കുമോ;

(സി) പ്രളയാനന്തരം ഭൂമിയിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണലും കെട്ടിടനിർമ്മാണത്തിനുപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>മണലൂരിലെ ആസ്തി വികസന പദ്ധതികൾ</u>

6297. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ആസ്തി വികസന പദ്ധതിയിലേക്ക് മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഓരോ പ്രവൃത്തിയും പ്രാവർത്തികമാക്കുന്നതിന് കൈകൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ആലത്തൂർ നിയോജക മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

6298. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലെ എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തിയാക്കുവാൻ ശേഷിക്കുന്നവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

6299. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2018 ഡിസംബർ വരെ എത്ര ഒഴിവുകൾ പി.എസ്.സി. വഴി നികത്താൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ സംസ്ഥാനത്ത് എത്ര വിരമിച്ച ജീവനക്കാർ താല്ക്കാലികമായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ ഭരണവകുപ്പിലെ പുതിയ തസ്തികകൾ

6300. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശ ഭരണവകുപ്പിൽ സൃഷ്ടിച്ച തസ്തികകളിൽ എൽ.എസ്.ജി.ഡി.എൻജിനീയറിങ് വിഭാഗത്തിൽ എത്ര പുതിയ തസ്തികകൾ ഉണ്ടെന്നു അറിയിക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വകുപ്പുകളുടെ സംയോജനം

6301. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഏകോപനം നടക്കുമ്പോൾ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>പഞ്ചായത്തുകളിലെ ലൈബ്രേറിയൻ തസ്തിക</u>

6302. ശ്രീ.വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ എത്ര ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികകൾ നിലവിൽ ഉണ്ട്; ജില്ലാടിസ്ഥാനത്തിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിൽ ജില്ലാടിസ്ഥാനത്തിൽ എവിടെയെല്ലാം ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(സി) അവയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും വിശദാംശങ്ങളും നൽകാമോ;

(ഡി) പഞ്ചായത്ത് ലൈബ്രറികളിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ തസ്തിക മാറ്റം വഴിയും നേരിട്ടും നടത്തുന്ന നിയമനങ്ങൾ തമ്മിലുള്ള അനുപാതം എത്രയാണ്; അത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഇ-ടോയ് ലെറ്റുകൾ</u>

6303. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പലയിടത്തും സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്ലെറ്റുകൾ പ്രവർത്തനക്ഷമമല്ലെന്നതും ഷീ-ടോയ്ലെറ്റുകൾ വൃത്തിഹീനമാണെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇവയുടെ പരിപാലന ചുമതല ആരെയാണ് ഏല്പിച്ചിട്ടുള്ളത് വ്യക്തമാക്കുമോ ;

(ബി) നഗരസഭയുടെ നേതൃത്വത്തിൽ ഇ-ടോയ്ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ ;അവയുടെ പരിപാലന ചുമതലയ്ക്ക് എന്ത് തുകയാണ് പ്രതിമാസം നഗരസഭ നൽകേണ്ടത് ;

(സി) പരിപാലനം നടത്തുന്ന സ്ഥാപനത്തിന് പ്രസ്തുത തുക നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>ആറ്റുകാലിൽ സിവറേജ് സംവിധാനം ഏർപ്പെടുത്താൻ നടപടി</u>

6304. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആയിരക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന പ്രദേശങ്ങൾ എന്ന നിലയ്ക്ക് തിരുവനന്തപുരം നഗര പരിധിയിൽപ്പെട്ട ആറ്റുകാൽ, കാലടി, കളിപ്പാൻകുളം, നെടുങ്കാട്,

അമ്പലത്തറ എന്നീ വർഡുകളിൽ സിവറേജ് സംവിധാനം ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ;

<u>ഫോർട്ട് കൊച്ചിയിലെ വികസന പ്രവർത്തനങ്ങൾ</u>

6305. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം ഫോർട്ട് കൊച്ചി ഏരിയയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഡിറ്റൈൽഡ് ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ആന്തൂർ നഗരസഭാ അധികൃതർക്കെതിരെയുള്ള ആക്ഷേപങ്ങൾ</u>

6306. ശ്രീ.കെ.സി.ജോസഫ്

,, സണ്ണി ജോസഫ്

,, വി.ടി.ബൽറാം

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16 കോടിയിലധികം തുക മുടക്കി ആന്തൂർ നഗരസഭയിൽ നിർമ്മിച്ച പാർത്ഥ കൺവൻഷൻ സെന്റർ, ആന്തൂർ നഗരസഭാ അധികൃതരുടെ നിഷേധാത്മകവും മനുഷ്യത്വമില്ലാത്തതുമായ നിലപാട് മൂലം ഇനി ഒരിക്കലും പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ലായെന്ന മനോവിഷമത്തിൽ, കൺവൻഷൻ സെന്റർ ഉടമയും പ്രവാസിയുമായ സാജൻ എന്ന യുവാവ് ആത്മഹത്യ ചെയ്ത സാഹചര്യം സർക്കാർ ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിൽ ബിൽഡിംഗ് റൂൾസിലെ നിബന്ധനകൾക്ക് വിരുദ്ധമായി ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നോ;

(സി) പ്രസ്തുത പോരായ്മ പരിഹരിക്കണമെന്ന് കാണിച്ച് ആന്തൂർ നഗരസഭ സാജന് നോട്ടീസ് നൽകിയിരുന്നോ;

(ഡി) ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർ, ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ കൺവെൻഷൻ സെന്റർ സന്ദർശിച്ച് ബിൽഡിംഗ് റൂൾസ് ലംഘിച്ചിട്ടില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏത് സാഹചര്യത്തിലാണ് പ്രസ്തുത കൺവെൻഷൻ സെന്ററിന് ഒക്കുപെൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പരും അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കുമോ ?

<u>നെന്മേനി വനിതാ ഐ.ടി.ഐ. യ്ക്ക് ഭൂമി</u>

6307. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വനിതാ ഐ.ടി.ഐ. യ്ക്ക് വേണ്ടി ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(ബി) വനിതാ ഐ.ടി.ഐ.ക്കായി പുതിയ ഭൂമി വാങ്ങുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പുതിയ ഭൂമി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഭൂമി ലഭ്യമാകാത്തതിനാൽ വനിതാ ഐ.ടി.ഐ. പഞ്ചായത്തിന് നഷ്ടമായേക്കാവുന്ന സാഹചര്യത്തിൽ പുതിയ ഭൂമി വാങ്ങുന്നതിനുള്ള അനുമതി വേഗത്തിൽ നൽകുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ചെങ്ങന്നൂരിലെ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം</u>

6308. **ശ്രീ.സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 16.5 കോടി രൂപയുടെ പദ്ധതികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>പൊതുപരിപാടിയുടെ നോട്ടീസിൽ അനുമതിയില്ലാതെ ജനപ്രതിനിധിയുടെ പേര് ഉൾപ്പെടുത്തിയത് സംബന്ധിച്ച പരാതി</u>

6309. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പൊതുപരിപാടിയുടെ നോട്ടീസിൽ അനുമതിയില്ലാതെ ജനപ്രതിനിധിയുടെ പേര് ഉൾപ്പെടുത്തിയത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് (ഫയൽ നം.PAN-21148/18-D6(DP) ) നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതി സംബന്ധിച്ച് ഇതിനകം നടപടി തീർപ്പ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) നടപടി തീർപ്പ് ഉണ്ടായിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

<u>പാറശ്ശാല നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നവീകരണം</u>

6310. ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ വരുന്ന ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി എന്തൊക്കെ പ്രത്യേക പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഗതാഗതയോഗ്യമല്ലാത്ത ഗ്രാമീണ റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പാറശ്ശാല മണ്ഡലത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന തകർന്നടിഞ്ഞ റോഡുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

സോഹിത വിജുവിന്റെ ചെറുകിട സംരംഭം

6311. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപറമ്പ് നഗരസഭയായിരുന്ന കാലത്ത് സോഹിത വിജു എന്ന വനിത സംരംഭക ആന്തൂരിൽ ആരംഭിച്ച ശുചീകരണ ഉല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ചെറുകിട സംരംഭത്തിന് ആന്തൂർ നഗരസഭ രൂപീകരിച്ച ശേഷം അടച്ച് പൂട്ടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടിക്കെതിരെ സോഹിത വിജു പരാതി നൽകിയിരുന്നോയെന്നും എങ്കിൽ ആയതിന്മേൽ എന്ത് തീരുമാനം എടുത്തുവെന്നും അറിയിക്കാമോ?

എം.എൽ.എ കോ-ഓർഡിനേഷൻ ആന്റ് മോണിട്ടറിംഗ് കമ്മിറ്റികളുടെയോഗം

6312. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായുള്ള എം.എൽ.എ ചെയർമാനും എ.ഡി.എം.സി. കൺവീനറുമായ എം.എൽ.എ കോ-ഓർഡിനേഷൻ ആന്റ് മോണിട്ടറിംഗ് കമ്മിറ്റികൾ കഴിഞ്ഞ ആറ് മാസത്തിനകം എത്ര മണ്ഡലങ്ങളിൽ യോഗം ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ യോഗം ചേരാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഗ്രാമ വികസന വകുപ്പിൽ ലക്ച്ചറർ തസ്തികൾ

6313. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ ഏതെല്ലാം ലക്ച്ചറർ തസ്തികൾ ഉണ്ട്; പ്രസ്തുത തസ്തികൾ സൃഷ്ടിച്ചതിന്റെയും ഇവർക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചതിന്റെയും സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഇത്തരം ലക്ച്ചറർ തസ്തികകൾക്ക് സ്പെഷ്യൽ റൂൾ ഉണ്ടാകുന്നതിന് മുൻപ് ഉണ്ടായിരുന്ന ലക്ച്ചറർ തസ്തികൾ ഏതൊക്കെയാണ്; ഇവയുടെ ശമ്പള സ്കെയിലുകൾ ഏത് വിധത്തിലായിരുന്നു എന്ന്

വ്യക്തമാക്കാമോ;

(സി) ലക്ച്ചറർ തസ്തികകൾ ഏത് തീയതി മുതലാണ് ഗ്രാമ വികസന വകുപ്പിൽ നിലവിൽ വന്നിട്ടുള്ളത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഗ്രാമവികസന വകുപ്പിലുള്ള ലക്ചറർ II തസ്തിക

6314. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലുള്ള ലക്ചറർ II തസ്തികകൾ എതൊക്കെയാണ്; ഇവയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്; നിയമന രീതി ഏത് വിധത്തിലാണ്;പ്രസ്തുത തസ്തികകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുവാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) ഗ്രേഡ് II ഇല്ലാതെ ഗ്രേഡ് I മാത്രമുള്ള ലക്ചറർ തസ്തികകൾ ഏതൊക്കെയാണ്; ഇവയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്; ഇവയ്ക്ക് ഗ്രേഡ് II നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ തസ്തിക സ്റ്റേറ്റ് സർവീസിൽ ഉൾപ്പെടുത്തുവാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ലക്ചറർ തസ്തികകൾ സബോർഡിനേറ്റ് സർവീസിലും കുറഞ്ഞ യോഗ്യതയുള്ളവ സ്റ്റേറ്റ് സർവീസിലും ഉൾപ്പെടുത്തിയിട്ടുള്ള അസാമാന്യ സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## ഗ്രാമീണ റോഡുകളുടെ വികസനം

6315. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാരിനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയത്തിൽ തകർന്നുപോയ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മാർഗങ്ങളിലൂടെയെന്നു വ്യക്തമാക്കാമോ;

(സി) സഹായം നൽകുന്നത് റോഡുകളുടെ റീ ടാറിംഗിന് മാത്രമാണോ എന്നറിയിക്കാമോ ;

(ഡി) ഭാവിയിൽ റോഡുകൾ വെള്ളം കയറാതെ സംരക്ഷിക്കുന്നതിനായി ഉയരം കൂട്ടുന്നതിനും ആധുനിക രീതിയിൽ അപ്ഗ്രേഡ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എം.എൽ.എമാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി മാതൃകയിൽ എം.എൽ.എ മാർക്കുകൂടി ഈ പദ്ധതിയിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സാധ്യമാകുമോ;

(എഫ്) റോഡ് പ്രവൃത്തിക്ക് റവന്യൂ വകുപ്പ് അനുവദിക്കുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് ഇതുമായി സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കാസർകോട് ഡവലപ്മെന്റ് അതോറിറ്റി (കാഡ)

6316. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഡവലപ്മെന്റ് അതോറിറ്റി (കാഡ) നിലവിൽ വന്നതും പിരിച്ചുവിട്ടതും ഏത് വർഷങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോടിന്റെ വികസനത്തിന് കാഡയുടെ സംഭാവനകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കാഡ വായ്പകൾ നൽകിയിരുന്നുവോയെന്നും എത്ര പേർക്ക് എത്ര തുക വീതം വായ്പ നൽകിയെന്നും ജാമ്യം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) വായ്പ എടുത്ത മുഴുവനാളുകളും തിരിച്ചടച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എത്രയാളുകൾ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടെന്നും അവരുടെ വായ്പകൾ കാഡ നിലവിലില്ലാത്ത സാഹചര്യത്തിൽ എഴുതിത്തള്ളുമോ എന്നും വ്യക്തമാക്കുമോ;

(ഇ) വായ്പ തിരിച്ചടയ്ക്കാത്തവർ ജാമ്യമായി നൽകിയ പ്രമാണങ്ങൾ ആർക്കൊക്കെ തിരിച്ചു നൽകാൻ ബാക്കിയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; പ്രമാണങ്ങൾ എപ്പോൾ തിരിച്ചു നൽകുമെന്ന് പറയാമോ?

## കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

6317. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ നബാർഡ് സഹായത്തോടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നറിയിക്കുമോ;

(ബി) പ്രവൃത്തികളുടെ ഭരണാനുമതി തുകയും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

## നെയ്യാറ്റിൻകര ടൈൽ ഫാക്ടറി റോഡ്

6318. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ടൈൽ ഫാക്ടറി റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് കെ.എസ്.ആർ.ആർ.ഡി.എ. പുതിയതായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ടൈൽ ഫാക്ടറി റോഡിന്റെ നിലവിലെ അവസ്ഥ മനസ്സിലാക്കി യഥാസമയം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി 2019 സെപ്റ്റംബറിന് മുൻപ് ആരംഭിക്കാൻ കഴിയുമോ എന്ന്

വ്യക്തമാക്കാമോ?

<u>നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ ഇ-ഓഫീസ്</u>

6319. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ ഫയൽ കൈമാറ്റത്തിന് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തരമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ജി സി ഡി എ യിൽ ടൗൺ പ്ലാൻ ഓഫീസർ നിയമനം</u>

6320. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗൺ പ്ലാൻ ഓഫീസർ തസ്തികയിൽ ജനറൽ റിക്രൂട്ട്മെന്റിൽ ഒന്നാം റാങ്ക് നേടിയ പട്ടികവിഭാഗത്തിൽപ്പെട്ട എസ്.സുഭാഷിന് അഡ്വൈസ് മെമ്മോ കിട്ടി രണ്ട് വർഷം കഴിഞ്ഞിട്ടും ജി.സി.ഡി.എ നിയമന ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണ്;

(ബി) ഇതുസംബന്ധിച്ച് കേരള ഹൈക്കോടതിയുടെ വിധിയുണ്ടായിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് എന്താണ്;

(സി) ഹൈക്കോടതി ഉത്തരവ് വന്നിട്ടും പി.എസ്.സി. അഡ്വൈസ് ലഭിച്ച എസ്.സുഭാഷിന് നിയമനം നൽകാതെ നീതി നിഷേധിക്കുന്ന നടപടി തിരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്കെതിരെ ജി.സി.ഡി.എ.യുടെ നിയമന നിഷേധം</u>

6321. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടി ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. പരീക്ഷയിൽ യഥാക്രമം ഒന്ന്,രണ്ട് റാങ്കുകൾ നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ട ലീലാവതി, ഹിന്ദുജ എന്നീ ഉദ്യോഗാർത്ഥികൾക്ക് ജി.സി.ഡി.എ. നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. പരീക്ഷ നടത്തി തെരഞ്ഞെടുത്ത് അഡ്വൈസ് മെമ്മോ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ജി.സി.ഡി.എ. നിയമനം നിഷേധിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ സംഭവിച്ച നീതി നിഷേധം തിരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

<u>കില മുഖാന്തരം നടത്തിയ സാമ്പത്തിക ഗവേഷണ പ്രവർത്തനങ്ങൾ</u>

6322. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കില മുഖാന്തരം നടത്തിയ സാമ്പത്തിക ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ദില്ലിയിലെ സെന്റർ ഫോർ പോളിസി റിസർച്ചുമായി ചേർന്ന് നടത്തിയ അക്കൗണ്ടബിലിറ്റി ഇനിഷ്യേറ്റീവ് പഠനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പഠനത്തിനായി സെന്റർ ഫോർ പോളിസി റിസർച്ച് സമർപ്പിച്ച പഠന രൂപരേഖ (പ്രൊപ്പോസൽ), പഠനത്തിനായുള്ള കരാർ, പഠന പുരോഗതി സംബന്ധിച്ച പ്രതിമാസ വിലയിരുത്തൽ, പഠനം പൂർത്തീകരിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ പൂർണ്ണരൂപം എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

## ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിലേക്കായി നടപടി

6323. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

## പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും

6324. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ്സ് പരിഷ്ക്കരണം നടപ്പിലാക്കുന്നത്.എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമാണോ ; വ്യക്തമാക്കുമോ;

(ബി) എഞ്ചിനീയറിംഗ് കോളേജുകളുടെ അഫിലിയേഷൻ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഫോർ ദ സ്റ്റുഡന്റ്സ് പോർട്ടലിൽ ലഭിക്കുന്ന പരാതികൾക്ക് കൃത്യമായി മറുപടി നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ് എന്ന് വെളിപ്പെടുത്തുമോ?

## റാഗിങ് പരാതിപ്പെട്ട പെൺകുട്ടി

6325. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാറിലെ സർക്കാർ പോളിടെക്‌നിക് കോളേജിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തകരുടെ റാഗിങ്ങിന് ഇരയായി എന്ന് പരാതിപ്പെട്ട പെൺകുട്ടിയെ പിന്നീട് കോളേജിൽ നിന്നും പുറത്താക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് കാരണത്താലാണ് പുറത്താക്കിയതെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് കോളേജുകൾക്ക് മെയിന്റനൻസ് ഗ്രാന്റ്

6326. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾക്ക് മെയിന്റനൻസ് ഗ്രാന്റോ അതുപോലുള്ള എന്തെങ്കിലും സാമ്പത്തിക സഹായം നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

## ഓപ്പൺ സർവ്വകലാശാല

6327. ശ്രീ.കെ.എൻ.എ ഖാദർ

,, കെ.എം.ഷാജി

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദൂര വിദ്യാഭ്യാസ പഠനം ആഗ്രഹിക്കുന്നവർക്കായി ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിനെ പറ്റി പഠിക്കാൻ സമിതിയെ നിയോഗിച്ചിരുന്നോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(ബി) എന്നത്തേക്ക് ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ;

(സി) സർവ്വകലാശാലകൾക്ക് കീഴിൽ വിദൂര വിദ്യാഭ്യാസ പഠനം നടത്തുന്നതിന് യു.ജി.സി.എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

## സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ നിയമനം- യോഗ്യതാ സർട്ടിഫിക്കറ്റുകൾ

6328. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ അവസാനമായി നിലവിൽ വന്ന എൽ.ഡി ക്ലാർക്ക് റാങ്ക് പട്ടികയിൽ നിന്നും എത്രപേർക്ക് നിയമനം നൽകി എന്നും ആയതിൽ ഏത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കി എന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) യോഗ്യതയില്ലാത്തതിന്റെ പേരിൽ ആരെയെങ്കിലും പുറത്താക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഇപ്രകാരം ഒഴിവ് വന്ന സീറ്റുകളിലേക്ക് എത്ര പേർക്ക് നിയമനം നൽകി എന്നും നിയമനം നൽകിയിട്ടില്ല എങ്കിൽ കാലതാമസം ഉണ്ടാകാനുള്ള കാരണങ്ങളെന്തെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ എൽ.ഡി ടൈപ്പിസ്റ്റ്, പ്ലാനറ്റേറിയം ഓപ്പറേറ്റർ, വെൽഡർ കം ബ്ലാക് സ്മിത്ത് എന്നീ തസ്തികകളിൽ ജോലിനേടാൻ വിജ്ഞാപന പ്രകാരം എന്തെല്ലാം

യോഗ്യതാ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കാൻ നിലവിൽ ആവശ്യപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാർ വിജ്ഞാപനപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തസ്തികകളിൽ ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച അന്വേഷണത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

<u>ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകളും സീറ്റുകളും</u>

6329. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം സംസ്ഥാനത്ത് ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകളും സീറ്റുകളും അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം അൺഎയ്ഡഡ് മേഖലയിൽ പുതിയ കോളെജുകളോ കോഴ്സുകളോ സീറ്റുകളോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പട്ടിക ജില്ല തിരിച്ച് നൽകാമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സീറ്റുകളുടെ ദൗർലഭ്യം നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ, എയ്ഡഡ് മേഖലകളിൽ പുതിയ കോളെജുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ജേർണലിസം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ</u>

T 6330. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾക്ക് കീഴിൽ ബി.എ. (ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ) കോഴ്സുകൾ പഠിപ്പിക്കുന്ന സർക്കാർ / എയ്ഡഡ് കോളേജുകൾ ഏതെല്ലാം; വിശദാംശം നൽകുമോ;

(ബി) കൂടുതൽ സർക്കാർ /എയ്ഡഡ് കോളേജുകളിൽ ബി.എ.ഡിഗ്രി (ജേർണലിസം) കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേരള യൂണിവേഴ്സിറ്റിക്കു കീഴിൽ ബി.എഡ്. ജേർണലിസം ആരംഭിച്ചിട്ടുണ്ടോ;

(ഡി) മാധ്യമ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി ജേർണലിസം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ ജില്ലകളിലും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

<u>കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരപരിശോധന</u>

6331. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരപരിശോധന കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടോ; വിശദീകരിക്കുമോ;

(ബി) അധ്യാപകരുടെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി നടത്തുന്ന പരിശീലന പദ്ധതികൾ പൂർണ്ണതോതിൽ നടക്കുന്നുണ്ടോ; ഏതെല്ലാം തലങ്ങളിലുള്ള പരിശീലന പദ്ധതികളാണ് നടക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ കോളേജുകളിൽ സ്ഥിരം അധ്യാപകരുടെ കുറവ് മൂലം അധ്യാപന നിലവാരം കുറയുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## സർക്കാർ ആർട്സ് ആന്റ് സയൻസ്, ട്രെയിനിംഗ് കോളേജുകൾ

6332. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ആർട്സ് ആന്റ് സയൻസ്, ട്രെയിനിംഗ് കോളേജുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര പുതിയ സർക്കാർ കോളേജുകൾ അനുവദിച്ചുവെന്നും അവയിൽ അനുവദിക്കപ്പെട്ട കോഴ്സുകളും വിഷയങ്ങളും ഏതൊക്കെയാണെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

## മൈക്രോബയോളജി കോഴ്സുകൾ

6333. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രകാരം പുതിയ കോഴ്സുകൾ തുടങ്ങുന്നതിലേക്കായി 2017-18, 2018-19, 2019-20 ബജറ്റ് പ്രഖ്യാപനത്തിൽ മൈക്രോബയോളജി, ബയോകെമിസ്ട്രി, ബയോടെക്നോളജി കോഴ്സുകൾ ആരംഭിക്കുന്നതിലേക്കായും ഉള്ളവ വിപുലീകരിക്കുന്നതിനായും 550 ലക്ഷം രൂപവീതം ഓരോ വർഷവും നീക്കി വച്ചിരുന്നതിൽ എത്ര മൈക്രോബയോളജി കോഴ്സുകൾ സർക്കാർ കോളേജുകളിൽ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഒരു മൈക്രോബയോളജി കോഴ്സ് പോലും ഇതുവരെ അനുവദിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിപ പോലുള്ള വൈറസ് ബാധകൾ പടർന്നുപിടിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുമ്പോൾ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും മൈക്രോബയോളജിസ്റ്റും സമൂഹത്തിൽ ആവശ്യമായിരിക്കെ ബജറ്റ് പ്രഖ്യാപനത്തിലുള്ള മൈക്രോബയോളജി കോഴ്സുകൾ സർക്കാർ കോളേജുകളിൽ ആരംഭിക്കാത്തതിനുള്ള കാരണം വിശദീകരിക്കുമോ?

## സർവ്വകലാശാലകളുടെ പ്രവർത്തനം

6334. **ശ്രീ.എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) മോഡൽ പരീക്ഷ വിവരങ്ങൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൃത്യമായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സർവ്വകലാശാലകൾ സ്റ്റുഡന്റ്സ് ഗ്രീവൻസ് സെൽ, ഐ.റ്റി. സെൽ എന്നിവ സ്ഥാപിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ;

(ഡി) മൂല്യനിർണ്ണയത്തിൽ വീഴ്ച വരുത്തുന്ന അദ്ധ്യാപകരുടെ പിഴ അയ്യായിരം രൂപയെന്നത് ഇരുപത്തയ്യായിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടോ;

(ഇ) നൂറ് വിദേശ വിദ്യാർത്ഥികൾ ഒരു സർവ്വകലാശാലയുടെ കീഴിൽ പഠിക്കുവാനുണ്ടായിരിക്കണം എന്ന കാര്യം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

## യൂണിവേഴ്സിറ്റികൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനം

6335. **ശ്രീ.അബ്ദുൽ ഹമീദ് പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികൾ നടത്തുന്ന വിവിധ കോഴ്സുകളുടെ പരീക്ഷകളും ഫലപ്രഖ്യാപനവും വൈകുന്നത് മൂലം വിദ്യാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിനും ഉയർന്ന കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷിക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഓരോ കോഴ്സിന്റെയും അഡ്മിഷൻ നോട്ടിഫിക്കേഷനോടൊപ്പം തന്നെ പരീക്ഷ തീയതി, ഫല പ്രഖ്യാപനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രീ ഷെഡ്യൂൾ ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ?

## 2012-13 അധ്യായന വർഷത്തെ ബി.എഡ് റിസൾട്ട് പ്രസിദ്ധീകരിക്കാൻ നടപടി

6336. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 അധ്യായന വർഷം ബി.എഡ് പഠനം പൂർത്തിയായ വിദ്യാർത്ഥികൾക്ക് എലിജിബിലിറ്റിയുടെ കാരണം ചൂണ്ടിക്കാണിച്ച് റിസൾട്ട് തടഞ്ഞ് വച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ റിസൾട്ട് തടഞ്ഞ് വച്ചതിനുള്ള കാരണം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച സർക്കാർ നടപടിക്രമങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർവ്വകലാശാലകൾ സർക്കാരിലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) 2012-13 വർഷത്തെ ബി.എഡ് മാനദണ്ഡങ്ങൾ പുനഃപരിശോധിച്ച് വിദ്യാർത്ഥികളുടെ റിസൾട്ട് പ്രസിദ്ധീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഓപ്പൺ സർവ്വകലാശാല</u>

6337. ശ്രീ.എം. സ്വരാജ്

ശ്രീമതി.വീണാ ജോർജ്ജ്

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിശ്ചിത നാക്-ഗ്രേഡില്ലാത്ത സർവ്വകലാശാലകൾക്ക് വിദൂര പഠനകേന്ദ്രങ്ങൾ നടത്തുന്നതിനുള്ള അനുമതി യു.ജി.സി. നിഷേധിച്ച സാഹചര്യത്തിൽ, ഇതിനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) നിലവിൽ റഗുലർ കോളേജ് പഠനത്തിനും പ്രൈവറ്റ് രജിസ്ട്രേഷൻ പഠനത്തിനും ഒരേ സർട്ടിഫിക്കറ്റാണ് ലഭിക്കുന്നതെങ്കിൽ ഓപ്പൺ സർവ്വകലാശാലാപഠനത്തിന് ലഭിക്കുന്നത് ഡിസ്റ്റന്റ് എഡ്യൂക്കേഷൻ സർട്ടിഫിക്കറ്റായതിനാൽ അതിനും തുല്യ അംഗീകാരം ഉണ്ടാകുമെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ</u>

6338. ശ്രീ.എ. എൻ. ഷംസീർ

,, കെ.ഡി. പ്രസേനൻ

,, സജി ചെറിയാൻ

,, എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) നടപ്പാക്കി വരുന്നുണ്ടോ;

(ബി) റൂസ ഒന്നും രണ്ടും ഘട്ടങ്ങൾക്ക് അനുവദിച്ച കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകളെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഗവേഷണ പ്രവർത്തനങ്ങൾക്കും ഗവേഷണ കേന്ദ്രങ്ങളുടെ വികസനത്തിനുമായി ഈ പദ്ധതി പ്രകാരം

എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഫീസില്ലാതെ സൗജന്യമായി പഠിപ്പിക്കണം എന്ന എ.ഐ.സി.ടി.ഇ നിർദ്ദേശം

6339. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽ അഞ്ച് ശതമാനം സീറ്റിൽ ഫീസില്ലാതെ സൗജന്യമായി പഠിപ്പിക്കണം എന്ന എ.ഐ.സി.ടി.ഇ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിൽ ഇത് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് വരുമാന പരിധിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2019-20 വർഷം എത്ര കുട്ടികൾക്ക് എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ പദ്ധതി പ്രകാരം സൗജന്യമായി പഠിക്കുന്നതിന് അവസരം ഉണ്ടാകും;

(ഇ) എം-ടെക് കോഴ്സിനും ഈ പദ്ധതി ബാധകമാക്കിയിട്ടുണ്ടോ;

(എഫ്) ഈ പദ്ധതി നടപ്പിലാക്കാത്ത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കോളേജുകളിൽ റൂസ ധനസഹായം

6340. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ കോളേജുകളിൽ റൂസ ധനസഹായം നൽകാറുണ്ടോ; കഴിഞ്ഞ വർഷം എത്ര കോളേജുകളിലാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്; സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും സ്വാശ്രയ കോളേജുകൾക്ക് റൂസയുടെ ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകൾക്ക്; പ്രസ്തുത കോളേജുകൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി എത്ര ലക്ഷം രൂപ വീതമാണ് നൽകിയതെന്ന് വിശദമാക്കുമോ?

പുതിയ അദ്ധ്യാപക തസ്തികകൾ

6341. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയതായി എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനായി നിലവിൽ എത്ര പ്രൊപ്പോസലുകൾ സർക്കാരിന്റെ മുന്നിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പത്തിരിപ്പാല ഗവ: ആർട്സ് & സയൻസ് കോളേജിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർക്കാർ മുൻപാകെ പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

## എയിഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം

6342. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം നടത്തുന്നത് എങ്ങനെയാണ് ; ഇതിന് പ്രത്യേക മാനദണ്ഡമുണ്ടോ ; ഇതിനായി യോഗ്യതാ പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ നടത്താറുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് നടത്തുന്നത് ; ഇത് സംബന്ധിച്ച പൂർണ്ണവിവരങ്ങൾ നൽകാമോ ;

(ബി) എയിഡഡ് കോളേജ് നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ ;

(സി) എയിഡഡ് കോളേജുകളിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നത് സംബന്ധിച്ച് കേസുകൾ ഏതെങ്കിലും കോടതികളിൽ നിലവിലുണ്ടോ ; ഏതെങ്കിലും കേസുകളിൽ അന്തിമവിധി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

## മലയാളം അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കുന്നതിന്റെ മാനദണ്ഡം

6343. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയാളം അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കുന്നതിനായി എയിഡഡ് കോളേജുകളിൽ 9 മണിക്കൂറും ഗവൺമെന്റ് കോളേജുകളിൽ 16 മണിക്കൂറുമാണ് മാനദണ്ഡമെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിലുള്ള വ്യത്യാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ

6344. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക കായിക കോളേജായ കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷനിൽ ഏതൊക്കെ കോഴ്സുകളാണ് ഉള്ളത്; എത്ര സീറ്റുകൾ വീതം ആണ് ഉള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വിശദമാക്കാമോ; കോളേജിൽ ക്ലർക്കുമാരുടെ അഭാവം മൂലം പ്രവർത്തനം മന്ദഗതിയിലാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജിന്റെ പ്രവർത്തനം സുഗമമാക്കാൻ ക്ലർക്കുമാരുടെ പുതിയ തസ്തികകൾ

സൃഷ്ടിക്കുവാനോ / വർക്കിങ് അറേഞ്ച്മെന്റിലോ / അന്യത്ര സേവനത്തിലോ നിയമിക്കുവാൻ തയ്യാറാകുമോ; എങ്കിൽ വിശദമാക്കുമോ?

## കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷന് എതിരായ അച്ചടക്ക നടപടി

6345. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാലയിലെ അദ്ധ്യാപക സംഘടനയായ കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷന് എതിരായ അച്ചടക്ക നടപടി സംബന്ധിച്ച് യൂണിവേഴ്സിറ്റി അധികാരികൾ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ലക്ചറർ ഇൻ ബോട്ടണി തസ്തികയിലെ നിയമനം

6346. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിലെ ലക്ചറർ ഇൻ ബോട്ടണി തസ്തികയിൽ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

## യൂണിവേഴ്സിറ്റികളിലെ ലൈബ്രറി സ്റ്റാഫ് നിയമനം

6347. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിലെ ലൈബ്രറി പ്രൊഫഷണൽ സ്റ്റാഫിന്റെ (ലൈബ്രറി അസിസ്റ്റന്റ്/പ്രൊഫഷണൽ അസിസ്റ്റന്റ്/ടെക്നിക്കൽ അസിസ്റ്റന്റ് ) നിയമനം പി.എസ്.സി ക്ക് വിട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) സ്പെഷ്യൽ റൂൾസ് തയ്യാറായിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സർവ്വകലാശാലകളിലും കോളേജുകളിലും കരാർ വ്യവസ്ഥയിൽ അദ്ധ്യാപകർ

6348. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും നിശ്ചിതകാല കരാർ വ്യവസ്ഥയിൽ അദ്ധ്യാപകരെ നിയമിക്കുവാനുള്ള നിർദ്ദേശം ഉന്നത വിദ്യാഭ്യാസ വകുപ്പ് ആസൂത്രണ ബോർഡിന്

മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശം ഉന്നതവിദ്യാഭ്യാസ രംഗത്തെ തൊഴിൽ സംസ്കാരത്തെ തന്നെ മാറ്റി മറിക്കുന്ന ഒന്നാകയാൽ ഇത് സംബന്ധിച്ച് ഏതൊക്കെ തലങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) അദ്ധ്യാപകർക്ക് പെൻഷൻ അടക്കമുള്ളവ നൽകുന്നതിൽ നിന്നും സർക്കാരിന് ഇതുമൂലം ഇളവ് ലഭിക്കുമെന്നതിനാലാണോ ഇത്തരം ഒരു നിർദ്ദേശം സമർപ്പിച്ചത്; വ്യക്തമാക്കുമോ?

<u>മങ്കട ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം</u>

6349. ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും കെട്ടിട നിർമ്മാണത്തിനായി മങ്കട ഗവൺമെന്റ് കോളേജിന് അനുവദിച്ച തുകയിൽ നിന്നും എത്ര രൂപ നാളിതുവരെ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ ഏറ്റവും ഒടുവിൽ സമർപ്പിച്ച ബിൽ തുക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായുള്ള പെന്റിംഗ് ബില്ലുകൾ നൽകുന്നതോടൊപ്പം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>കുളത്തൂർ സർക്കാർ കോളേജ് കെട്ടിട നിർമ്മാണം</u>

6350. ശ്രീ.കെ. ആൻസലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ സർക്കാർ കോളേജിന്റെ നിർമ്മാണത്തിനായി കിഫ്ബി മുഖേന അനുവദിച്ച പത്ത് കോടി രൂപയുടെ ഡി.പി.ആർ. പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിന് ആവശ്യമായ സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) 2019-ൽ തന്നെ കോളേജിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞില്ല എങ്കിൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>അറബിഭാഷ ബിരുദാനന്തര പഠനത്തിന് സൗകര്യം</u>

6351. ശ്രീ.മുഹമ്മദ് മുഹസിൻ പി. **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിഭാഷ ബിരുദാനന്തര പഠനത്തിന് പാലക്കാട് ജില്ലയിലെ സർക്കാർ കോളേജുകളിൽ സൗകര്യമില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പി കോളേജിൽ എം.എ. അറബിക് ആരംഭിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഈ അദ്ധ്യയന വർഷം തന്നെ പട്ടാമ്പി സംസ്കൃത കോളേജിൽ എം.എ അറബിക് കോഴ്സ് ആരംഭിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>വിക്ടോറിയ കോളേജിലെ പുതിയ കോഴ്സുകൾ</u>

6352. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ പുതിയ പി.ജി. കോഴ്സുകളായി എം.എ.തമിഴ്,എം.എ.സംസ്കൃതം, എം.എസ്.സി.സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്.സി. മൈക്രോബയോളജി എന്നിവ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കാസർകോട് ഗവ:കോളേജിലെ കോഴ്സുകൾ</u>

6353. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഗവൺമെന്റ് കോളേജിൽ നിലവിൽ ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും എത്ര കോഴ്സുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ കോഴ്സിനും പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്രയാണെന്നും അനുവദിച്ച സീറ്റ് എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോൾ വർദ്ധിപ്പിക്കുമെന്നും എത്ര സീറ്റുകളുടെ വർദ്ധനയാണുണ്ടാവുകയെന്നും വ്യക്തമാക്കാമോ?

<u>കുന്ദമംഗലം സർക്കാർ കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

6354. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം സർക്കാർ കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കിഫ്ബി മുഖേന എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; പ്രവൃത്തി നടത്തിപ്പിനായി കരാർ നൽകിയിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

## കുളത്തൂർ സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ

6355. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾക്ക് അനുമതി നൽകുന്നതിനുവേണ്ടി കോളേജ് പി.റ്റി.എ. 2017-18 വർഷത്തിൽ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കോളേജുകളുടെ പട്ടികയിൽ പ്രസ്തുത കോളേജിനെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## തലശ്ശേരി ബ്രണ്ണൻ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി

6356. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ബ്രണ്ണൻ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് അവിടെ നടപ്പിലാക്കുന്നത്; പദ്ധതിയുടെ അടങ്കൽ തുക വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിന് നിർമ്മിച്ച കെട്ടിടം

6357. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിനായി നിർമ്മിച്ച കെട്ടിടം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ;

(സി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഐ.എച്ച്.ആർ.ഡി.യുടെ ഫണ്ട് അനുവദിക്കുന്നതിനും, കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## സഹകരണ മേഖലയിലെ സ്വാശ്രയ കോളേജുകൾ

6358. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിൽ സ്വാശ്രയ കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സഹകരണ മേഖലയിൽ സ്വാശ്രയ കോളേജുകൾക്ക് അനുമതി നൽകുമ്പോൾ മാനദണ്ഡങ്ങളിൽ എന്തെങ്കിലും ഇളവ് നൽകാറുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയിൽ എയ്ഡഡ് കോളേജ് ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>സ്വകാര്യ എൻജിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം</u>

6359. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ എൻജിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരമില്ലായ്മയിൽ ധാരാളം കുട്ടികൾ പഠനം നിർത്തുകയും കോഴ്സ് പൂർത്തീകരിക്കാനാകാതെ ദുഃഖിതരായി കഴിയുകയും ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികളെ മുഖ്യധാരയിലേക്കു ഉയർത്തികൊണ്ടു വരുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോ?

<u>സംയോജിത ടീച്ചർ എഡ്യൂക്കേഷൻ കോഴ്സുകൾ</u>

6360. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സംയോജിത ടീച്ചർ എഡ്യൂക്കേഷൻ കോഴ്സുകൾ ആരംഭിക്കുവാൻ നാഷണൽ ടീച്ചർ എഡ്യൂക്കേഷൻ കൗൺസിൽ അനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത കോഴ്സിന്റെ ദൈർഘ്യം എത്ര വർഷമാണ്;

(ബി) പ്രസ്തുത കോഴ്സ് തുടങ്ങുന്നതിനെ കുറിച്ച് പരിശോധിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പുതിയ കോഴ്സ് വരുന്നതോടെ ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളുടെ നിലനില്പ് അപകടത്തിലാകുവാൻ സാധ്യതയില്ലേ; വ്യക്തമാക്കുമോ?

<u>വ്യാജ സർവ്വകലാശാലകളുടെ ഡി-ലിറ്റുകൾ</u>

6361. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യക്ക് പുറത്തുള്ള വിവിധ സർവ്വകലാശാലകൾ ഡി-ലിറ്റ് വിൽപ്പന നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ സർവ്വകലാശാലകൾ പണം വാങ്ങി നൽകുന്ന ഡി-ലിറ്റുകൾക്കായി അപേക്ഷ ക്ഷണിക്കുന്നതിന് സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുവാൻവേണ്ട

നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ഡിഗ്രികളും ഡി-ലിറ്റുകളും സമ്പാദിച്ച് വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) വ്യാജ ഡിഗ്രികളുടെയും ഡി-ലിറ്റുകളുടെയും പ്രചരണത്തിനും വ്യാപനത്തിനും തടയിടാൻ ശ്രമിക്കുമോ എന്നറിയിക്കാമോ?

ഇഗ്നോ മാതൃകയിൽ ഓപ്പൺ യൂണിവേഴ്സിറ്റി

6362. ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ.കെ. രാജൻ
,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും നടത്തിവരുന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സംവിധാനത്തിനുപകരം ഇഗ്നോ മാതൃകയിൽ ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ശാസ്ത്ര കോഴ്സുകൾക്ക് പുറമേ എന്തൊക്കെ കോഴ്സുകളാണ് ഉണ്ടാവുകയെന്നും ആയത് ഏതൊക്കെ ജനവിഭാഗങ്ങൾക്ക് ഗുണകരമാകുമെന്നും വ്യക്തമാക്കുമോ;

(സി) കേരളാ ഓപ്പൺ യൂണിവേഴ്സിറ്റി എന്നേക്ക് നിലവിൽ വരുമെന്ന് അറിയിക്കാമോ;

(ഡി) നിലവിലെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വിഭാഗത്തിലെ അദ്ധ്യാപകരേയും ജീവനക്കാരെയും ഓപ്പൺ സർവ്വകലാശാലയുടെ ഭാഗമായാണോ അതോ അതാത് സർവ്വകലാശാലകളുടെ ഭാഗമായാണോ നിലനിർത്തുന്നതെന്നറിയിക്കുമോ;

(ഇ) ഓപ്പൺ സർവ്വകലാശാല യു. ജി. / പി. ജി. കോഴ്സുകളുടെ സിലബസ് നിലവിലെ സർവ്വകലാശാലകളുടെ യു. ജി. /പി. ജി. കോഴ്സുകളുടെ സിലബസിൽ നിന്നും വ്യത്യസ്തമാണോ; വ്യത്യാസമുണ്ടെങ്കിൽ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഓപ്പൺ സർവ്വകലാശാല നിലവിൽ വരുന്നതോടെ ഓരോ സർവ്വകലാശാലകളും നിലവിൽ നടത്തിവരുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ സംവിധാനം തുടരുമോയെന്നറിയിക്കുമോ ?

മലപ്പുറം ജില്ലയിലെ കോളേജുകളിലെ കോഴ്സുകളുടെ വിവരങ്ങൾ

6363. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ, എയിഡഡ്, അൺ എയിഡഡ് കോളേജുകളിൽ നിലവിലുള്ള ഡിഗ്രി, പി.ജി. കോഴ്സുകളും ലഭ്യമായ സീറ്റുകളുടെ എണ്ണവും വ്യക്തമാക്കുമോ ;

(ബി) ഈ അധ്യയന വർഷം ജില്ലയിൽ പുതിയതായി ഡിഗ്രി, പി.ജി. കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ മലപ്പുറം ഗവൺമെന്റ് കോളേജിൽ ഈ അധ്യയന വർഷം പുതിയ ഡിഗ്രി, പി.ജി. കോഴ്സുകൾ ആരംഭിക്കുമോ എന്ന് അറിയിക്കാമോ?

<u>കോളേജുകളിലെ സീറ്റ് വർദ്ധന</u>

6364. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് കോളേജുകളിൽ 20% സീറ്റ് വർദ്ധനക്ക് അനുമതി നൽകിയ ആശ്വാസകരമായ തീരുമാനം നടപ്പിലാക്കുമ്പോൾ നിരവധി സർക്കാർ കോളേജുകളിൽ മതിയായ ഭൗതിക സാഹചര്യം ലഭ്യമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സീറ്റ് വർദ്ധനവ് നടത്തുമ്പോൾ അസൗകര്യങ്ങൾ മൂലം വീർപ്പുമുട്ടുന്ന ക്യാമ്പസ്സുകളിൽ മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പഠിച്ച റെഗുലർ വിദ്യാർത്ഥികൾക്ക് ഇംപ്രൂവ്മെന്റ്</u>

6365. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പഠിച്ച റെഗുലർ വിദ്യാർത്ഥികൾക്ക് ഇംപ്രൂവ്മെന്റിന് അവസരമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികൾക്ക് ഇന്റേണൽ ഇംപ്രൂവ്മെന്റിന് അവസരം ഉണ്ടോ; ഉണ്ടെങ്കിൽ അതേ സൗകര്യം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽക്കൂടി നടപ്പിലാക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ?

<u>സിൻഡിക്കേറ്റ് മെമ്പറുടെ ഡ്യൂട്ടി ലീവ്</u>

6366. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകനായ സിൻഡിക്കേറ്റ് മെമ്പർക്ക് പരമാവധി എത്ര ദിവസം ഡ്യൂട്ടി ലീവ് എടുക്കുവാൻ കഴിയും; ഡ്യൂട്ടി ലീവ് ആരാണ് അനുവദിക്കുന്നത്;

(ബി) ഡ്യൂട്ടി ലീവ് സമയം കോളേജിൽ അദ്ദേഹത്തിന് പകരം ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് എപ്രകാരമാണ്; ഡ്യൂട്ടി ലീവ് അദ്ധ്യാപകൻ തന്നെ ഒപ്പിട്ട് നൽകുന്നത് നിയമപരമായി ശരിയാണോ; വിശദാംശം നൽകുമോ?

<u>മത്സരപരീക്ഷകളിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ</u>

6367. **ശ്രീ.എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും റെഗുലർ സ്കീമിൽ ബി.എസ്.സി.(കെമിസ്ട്രി/ഫിസിക്സ്) പഠിച്ചിറങ്ങിയ ബി.എഡ്. ഫിസിക്കൽ സയൻസ് സർട്ടിഫിക്കറ്റ് നേടിയവർ സബ്സിഡിയറി വിഷയമായി കെമിസ്ട്രി /ഫിസിക്സ് എടുത്തില്ല എന്നകാരണത്താൽ അവരെ മത്സരപരീക്ഷകളിൽ നിന്ന് ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇവരെക്കൂടി യോഗ്യത പട്ടികയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ബി-ടെക് സീറ്റുകൾ

6368. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19ൽ സർക്കാരിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ബി-ടെക് സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സീറ്റുകളാണ് ഒഴിഞ്ഞു കിടന്നതെന്നും അത് ഏതൊക്കെ കോളേജുകളിലാണെന്നും അറിയിക്കാമോ;

(ബി) സർക്കാരിന്റെ സ്വാശ്രയ കോളേജുകളായ കേപ്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ് എന്നിവിടങ്ങളിൽ ബി-ടെകിനുള്ള സീറ്റുകൾ എത്ര; അതിൽ ഓരോന്നിലും എത്ര സീറ്റുകളാണ് 2018-19ൽ ഒഴിഞ്ഞ് കിടന്നത് എന്നറിയിക്കാമോ?

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മേഖലയിലെ പ്രതിസന്ധി

6369. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖല പ്രതിസന്ധിയിലാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവിലെ വിജയശതമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; പത്ത് ശതമാനം പോലും വിജയശതമാനമില്ലാത്ത എത്ര കോളേജുകൾ ഈ മേഖലയിലുണ്ട്;

(സി) എൻ.ആർ.ഐ.ക്വാട്ടയിൽ എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ നേടുന്നതിന് പ്രവേശന പരീക്ഷായോഗ്യത നേടണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ഡി) കഴിഞ്ഞ വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ മെറിറ്റ് സീറ്റുകളിൽ എത്ര ശതമാനം സീറ്റുകളാണ് വിദ്യാർത്ഥികളെ ലഭിക്കാത്തത് മൂലം ഒഴിഞ്ഞ് കിടക്കുന്നത്;

(ഇ) സർക്കാരുമായുള്ള കരാർ വ്യവസ്ഥ അനുസരിച്ച് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ നിലവിലെ മെറിറ്റ് ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) വിദ്യാർത്ഥികളെ ലഭിക്കാത്തതിനാൽ കരാർ വ്യവസ്ഥ പ്രകാരമുള്ളതിനെക്കാൾ കുറഞ്ഞ ഫീസ് ഈടാക്കി സ്വാശ്രയ മാനേജ്മെന്റുകൾ പ്രവേശനം നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുക്കം ഗവൺമെന്റ് പോളിടെക്നിക്

6370. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഡിപ്ലോമ ഈവനിംഗ് കോഴ്സുകൾ

6371. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പോളിടെക്നിക് കോളേജുകളിലാണ് ഡിപ്ലോമ (സിവിൽ) ഈവനിംഗ് കോഴ്സുകൾ നടത്തുന്നത്; വ്യക്തമാക്കുമോ;

(ബി) ഈവനിംഗ് കോഴ്സുകൾ ഏതെങ്കിലും പോളിടെക്നിക്കുകളിൽ നിറുത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈവനിംഗ് കോഴ്സുകൾ നിറുത്തലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേന്ദ്ര നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ പുനർവിന്യാസം

6372. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിലെ മൂന്ന് ട്രേഡ് ഇൻസ്ട്രക്ടർമാരെ ഇവിടെ നിന്നും പുനർവിന്യസിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൊരട്ടി പോളിടെക്നിക്ക് കോളേജിൽ നിലവിലുള്ള പോളിമർ ടെക്നോളജി, ടെക്സ്റ്റയിൽ ടെക്നോളജി, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. സിലബസ് പ്രകാരം ഏഴ് ട്രേഡുകളിൽ പരിശീലനം നൽകേണ്ടതിനാൽ, ട്രേഡ് ഇൻസ്ട്രക്ടർമാരെ ഇവിടെനിന്നും ഷിഫ്റ്റ് ചെയ്യുന്നത് അതിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത പുനർവിന്യാസം ഒഴിവാക്കുന്നതിനും, ഇവിടെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് പുതിയതായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

സംസ്ഥാനത്ത് പുതിയ പോളിടെക്നിക് കോളേജുകൾ

6373. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ പോളിടെക്നിക് കോളേജുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര പോളിടെക്നിക്കുകൾ പുതിയതായി അനുവദിച്ചു എന്നും ആയത് ഏതെല്ലാം സ്ഥലങ്ങളിലെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ പോളിടെക്നിക്കുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പോളിടെക്നിക്കുകൾക്ക് ആവശ്യമായ ഭൂമിയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കിയാൽ പുതിയ പോളിടെക്നിക്കുകൾ അനുവദിക്കുന്നതിന് സർക്കാർ തയാറാകുമോ എന്ന് വിശദമാക്കാമോ?

<u>പോളിടെക്നിക് കോഴ്സുകൾ ആകർഷകമാക്കുന്നതിന് നടപടി</u>

6374. ശ്രീ.മഞ്ഞളാംകുഴി അലി

,, ടി.എ.അഹമ്മദ് കബീർ

,, എൻ. ഷംസുദ്ദീൻ

,, ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോളേജുകളിലെ കോഴ്സുകൾ മുൻകാലങ്ങളെ അപേക്ഷിച്ച് അനാകർഷകമായി മാറിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കാത്തതാണോ കാരണമെന്ന് അറിയിക്കാമോ;

(ബി) പോളിടെക്നിക് കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഡിപ്ലോമധാരികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ആകർഷകമായ ജോലികൾ ലഭിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് എന്തെങ്കിലും വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വ്യാവസായിക ഉൽപ്പാദന രംഗത്ത് ഇത്തരം വിദ്യാർത്ഥികളുടെ മികവ് പ്രയോജനപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ പോളിടെക്നിക് ക്യാമ്പസുകളിൽ ഉൽപാദന, പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ട്രേഡ്സ്മാൻ - സ്ഥിരം തസ്തിക സൃഷ്ടിക്കൽ</u>

6375. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ പോളിടെക്നിക്ക് കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ട്രേഡ്സ്മാൻ - സ്ഥിരം തസ്തിക പുതുതായി സൃഷ്ടിക്കൽ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിലെ നിയമനങ്ങൾ</u>

6376. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിൽ എത്ര ട്രെയിനിംഗ് ഓഫീസർമാരുണ്ട്; എത്ര സബ് സെന്ററുകളിലെ ചുമതല ട്രെയിനിംഗ് ഓഫീസർമാർ വഹിക്കുന്നു; വിശദാംശങ്ങൾ നൽകാമോ;

(ബി) സ്ഥാപനത്തിന് കീഴിൽ എത്ര സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവിടങ്ങളിലെ ട്രെയിനിംഗ് ഓഫീസർമാർക്ക് പകരം ഓഫീസർ-ഇൻ-ചാർജിനെ നിയമിച്ചിരിക്കുന്നത് എന്ത് മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സബ് സെന്ററുകളിൽ ഓഫീസർ-ഇൻ-ചാർജിനെ നിയമിക്കുന്നത് എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ;

(ഡി) സ്ഥാപനത്തിൽ എത്ര സെക്യൂരിറ്റി ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം മാറ്റി നിയമിച്ചിട്ടുണ്ട്;

(ഇ) സ്ഥാപനത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക,എത്ര കാലമായി ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) കരാർ,ദിവസവേതന അടിസ്ഥാനത്തിൽ എത്ര സെക്യൂരിറ്റി ജീവനക്കാർ ഇവിടെ ജോലി ചെയ്തുവരുന്നു; വ്യക്തമാക്കാമോ?

<u>കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ നിയമനങ്ങൾ</u>

6377. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ?

<u>ആയവന ടെക്നിക്കൽ ഹൈസ്കൂൾ</u>

6378. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആയവന ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) 26.08.2014-ലെ സ.ഉ.(സാധാ) നം. 4152/14/റവ. ഉത്തരവ് പ്രകാരം ലാൻഡ് വാല്യൂ അംഗീകരിച്ച 68.79 ആർ സ്ഥലം തന്നെയാണോ ഏറ്റെടുക്കുന്നതിന് നടപടി ആയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) അല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തത് എന്ന് അറിയിക്കുമോ;

(ഡി) 03.09.2015-ലെ സ.ഉ.(സാധാ) നം. 2284/15/ഉ.വി.വ. ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും അനുവദിച്ച ഒരു കോടി അറുപത്തിനാല്

ലക്ഷത്തി നാൽപ്പതിനായിരം രൂപ വിനിയോഗിച്ച് സ്ഥലം ഏറ്റെടുത്തിരുന്നോ;

(ഇ) ഇല്ലെങ്കിൽ തുക അനുവദിച്ചിട്ടും എന്തുകൊണ്ടാണ് സ്ഥലം ഏറ്റെടുക്കാൻ കഴിയാതിരുന്നത് എന്ന് അറിയിക്കുമോ; വിദാംശങ്ങൾ നൽകുമോ?

<u>സാങ്കേതിക വിദ്യഭ്യാസം</u>

T 6379. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥന സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂളുകളെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് പുതിയ പോളിടെക്നിക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അനുമതി ലഭിച്ചിട്ടും ഇനിയും അധ്യയനം ആരംഭിക്കാത്ത പോളിടെക്നിക്കുകളിൽ ഈ വർഷം അധ്യയനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ അച്ചടക്ക നടപടികൾ</u>

6380. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെയും അതിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെയും പേരിലുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര ഫയലുകൾ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ തീർപ്പാക്കിയിട്ടുണ്ട്; നോട്ട് ഫയലുകളുടെ കോപ്പികൾ ലഭ്യമാക്കുമോ;

(സി) സർക്കാർ തലത്തിൽ തീരുമാനം എടുക്കുവാൻ വേണ്ടി എത്ര പ്രൊപ്പോസലുകൾ അയച്ചു; അയച്ച മുഴുവൻ കേസുകളുടെയും വിവരം ലഭ്യമാക്കുമോ;

(ഡി) നിലവിൽ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട മിനിസ്റ്റീരിയൽ വിഭാഗങ്ങളുടെയും അക്കാഡമിക് വിഭാഗങ്ങളുടെയും മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

<u>ഓപ്പൺ യൂണിവേഴ്സിറ്റി</u>

6381. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പരീക്ഷ സെന്ററുകൾ ഗൾഫ് രാജ്യങ്ങളിലും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഓപ്പൺ യൂണിവേഴ്സിറ്റി

6382. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റി സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങിയാൽ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ, വിദൂരവിദ്യാഭ്യാസ കോഴ്സുകൾ എന്നിവ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിൽ ഇന്ത്യയിലെ മറ്റ് ഓപ്പൺ യൂണിവേഴ്സിറ്റികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ വിദേശ ജോലികൾക്ക് പരിഗണിക്കുന്നതിൽ തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ, സ്വകാര്യ തൊഴിൽ മേഖലകളിലും പി.എസ്.സി. / യു.പി.എസ്.സി. നിയമനങ്ങൾക്കും ഓപ്പൺ യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റിന് അംഗീകാരമുണ്ടാകുമോ;

(ഇ) നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികളേയും അതേ കോഴ്സുകൾ ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികളെയും ഒരു പോലെ തന്നെ പരിഗണിക്കുമോ;

(എഫ്) നിലവിൽ പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ലഭിച്ചുവരുന്ന എസ്.സി. /എസ്.റ്റി./ഒ.ഇ.സി. ഗ്രാന്റുകളും യാത്രാ സൗകര്യങ്ങളും ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുമോ;

(ജി) ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ടുകൾ ഉണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുകയും പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുകയും ചെയ്താൽ കേരളത്തിലെ പാരലൽ മേഖലയിലെ പതിനായിരക്കണക്കിന് അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എങ്ങനെ പരിഹരിക്കും എന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പരീക്ഷാഫലം- വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ

6383. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമായി അറിയിക്കുമോ?

## സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളുടെ സ്ഥലത്തിന്റെ അളവ്

6384. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ കീഴിൽ കോളേജുകൾ ആരംഭിക്കുന്നതിനായി നിഷ്കർഷിച്ചിരിക്കുന്ന സ്ഥലത്തിന്റെ അളവ് പുന:പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സ്ഥലം ലഭിക്കുവാനുള്ള ബുദ്ധിമുട്ടും സ്ഥലത്തിന്റെ വില കൂടുതലും പരിഗണിച്ച് സ്ഥലത്തിന്റെ അളവ് പുന:പരിശോധിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കാലിക്കറ്റ് സർവ്വകലാശാല സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) മറ്റ് സർവ്വകലാശാലകൾ ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കേരള സർവ്വകലാശാല ബഡ്ജറ്റ്</u>

6385. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ കേരള സർവ്വകലാശാല ബഡ്ജറ്റിൽ എത്ര പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു; അതിൽ എത്ര പദ്ധതികൾ പൂർണ്ണമായും 2018-19 സാമ്പത്തികവർഷം പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രഖ്യാപിച്ച പദ്ധതികൾക്ക് ആകെ എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; അതിൽ എത്ര തുക സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

<u>കേരള സർവ്വകലാശാലയുടെ ഓൺലൈൻ പ്രശ്നപരിഹാരസെൽ</u>

6386. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് കേരള സർവ്വകലാശാലയുടെ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷാഫീസ് ഫ്രണ്ട്സ്/ ഓൺലൈൻ വഴി അടച്ച് രജിസ്റ്റർ ചെയ്യുമ്പോഴുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിന് സർവ്വകലാശാലയിൽ ഓൺലൈൻ പ്രശ്നപരിഹാര സെലിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പല വിദ്യാർത്ഥികൾക്കും പ്രശ്നം ഉടനടി പരിഹരിച്ച് നൽകാനോ ഫോൺ ചെയ്താൽ അത് അറ്റൻഡ് ചെയ്യാനോ തയ്യാറാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ വിദ്യാർത്ഥികൾക്ക് യഥാസമയം ഫീസ് ഒടുക്കാൻ പറ്റാതെ വരികയും പരീക്ഷ എഴുതാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുന്നതും പരിഹരിക്കാൻ സർവ്വകലാശാല എന്ത് നടപടി കൈകൊള്ളുമെന്ന് എന്നറിയിക്കുമോ;

(സി) സർവ്വകലാശാല ഇൻഫർമേഷൻ സെന്ററുകളുടെ ഫോണുകൾ പലതും പ്രവർത്തനരഹിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സെന്ററുകളിൽ ദൈനം ദിനം വിളിക്കുന്ന പരാതികൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കാറുണ്ടോയെന്നും രേഖപ്പെടുത്തുന്നവ തീർപ്പ് വരുത്താറുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് ഒരേ കോഴ്സിന് വ്യത്യസ്ത ഫീസ് നിരക്ക് ഉണ്ടാകുന്നതിന്റെ കാരണവും ആയതിന്റെ പരിഹാരവും വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകൾക്കായി സർവ്വകലാശാലയിൽ ഹാജരാക്കുന്ന രസീതുകൾ കാണാതാവുന്നതും വർഷങ്ങൾക്ക് ശേഷം വീണ്ടും വിദ്യാർത്ഥികളെകൊണ്ട് ഫീസ് അടപ്പിക്കുന്ന എന്ന

പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഓൺലൈൻ സ്റ്റുഡന്റ്സ് പോർട്ടലുകളിൽ കോഴ്സ് രജിസ്ട്രേഷൻ, ഫീസ് ഡീറ്റൈൽസ്, റിസൽട്ട് ഡേറ്റ്, ഫീസ് ഡേറ്റ്, എക്സാം ഡേറ്റ്, സെക്ഷനുകളിലെ നമ്പരുകൾ എന്നിവ അറിയുന്നതിന് സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ;

(ജി) വിദ്യാർത്ഥികൾ അടക്കുന്ന അധിക തുക, നോട്ടിഫിക്കേഷൻ വരാതെ അടയ്ക്കുന്ന ഫീസുകൾ എന്നിവ സർവ്വകലാശാല റീഫണ്ട് ചെയ്യാറുണ്ടോ; ആയതിന്റെ നടപടി ക്രമം വ്യക്തമാക്കുമോ ?

## കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റുമാരുടെ പ്രമോഷൻ

6387. **ശ്രീ.വി.ആർ. സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ 2008-ൽ നിയമിതരായ അസിസ്റ്റന്റുമാരുടെ പ്രമോഷൻ നടന്ന സെക്ഷൻ ഓഫീസർ തസ്തികയിലെ ശമ്പളവിതരണം രണ്ട് വർഷത്തിലേറെയായി നീണ്ടുപോകുന്നത് സമയബന്ധിതമായി പൂർത്തിയാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ;

(ബി) വിവിധ സർവ്വകലാശാലകളിൽ നിന്നും അന്തർ സർവ്വകലാശാലാ സ്ഥലം മാറ്റം വഴി നിയമിതരായ ജീവനക്കാരുടെ സീനിയോറിറ്റിയും പ്രൊബേഷനും സംബന്ധിച്ച് സർക്കാർ വ്യക്തമായ നിർദ്ദേശം സർവ്വകലാശാലകൾക്ക് നൽകാത്തതു കൊണ്ടുള്ള ആശയക്കുഴപ്പം പരിഹരിക്കാൻ നിർദ്ദേശം നൽകുമോ;

(സി) കേരള സർവ്വകലാശാലയിലെ സ്റ്റാറ്റ്യൂട്ടുകളിലെ ഭേദഗതികൾ സെനറ്റ് പാസ്സാക്കി ഗവർണ്ണർക്ക് സമർപ്പിച്ചവ സർക്കാരിന് അയയ്ക്കുന്ന ഫയലുകൾ എന്നിവ ഉന്നത വിദ്യാഭ്യാസ വകുപ്പിലും ധനകാര്യ വകുപ്പിലും തീർച്ചപ്പെടാതെ നീണ്ടുപോകുന്നതിന് പരിഹാരം നിർദ്ദേശിക്കുമോ എന്ന് അറിയിക്കാമോ?

## കേരള സർവ്വകലാശാലയിയിലെ സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ

6388. **ശ്രീ.വി.എസ്.ശിവകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ 17.6.2019 -ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിന്റെ നിർമ്മാണം ആരംഭിച്ച തീയതിയും പൂർത്തിയാക്കിയ തീയതിയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അമിനിറ്റി സെന്ററിൽ കെട്ടിട ഉദ്ഘാടനത്തിന് മുമ്പ് ഏതെങ്കിലും ഓഫീസുകൾ പ്രവർത്തിച്ചിരുന്നോ;എങ്കിൽ ഏതെല്ലാം ഓഫീസുകളാണെന്ന് വ്യക്തമാക്കുമോ?

## ആറാലുംമൂട്ടിൽ യു.ഐ.റ്റി.യ്ക്കായുള്ള സ്ഥലം ഏറ്റെടുക്കൽ

6389. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവർത്തിക്കുന്ന യു.ഐ.റ്റി. സെന്ററിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള ഊരൂട്ടുകാല

എം.റ്റി.എച്ച്.എസ്.-ന്റെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ ആണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) യു.ഐ.റ്റി. സെന്ററിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി കേരള സർവ്വകലാശാല ഏത് വർഷത്തിൽ ആണ് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫയൽ നമ്പർ അറിയിക്കുമോ?

## കാലിക്കറ്റ് സർവ്വകലാശാലയിലെ ബിരുദ കോഴ്സുകൾ

6390. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലുള്ള റഗുലർ കോഴ്സുകളായ ബി.എ, ബി.എസ്.സി., ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകളും ബി.എസ്.സി. സൈക്കോളജി, എൽ.എൽ.ബി തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിലും ഇന്റേണൽ മാർക്കുകുറവ് മൂലം നിരവധി വിദ്യാർത്ഥികൾക്ക് കോഴ്സ് കഴിഞ്ഞിട്ടും പ്രസ്തുത ബിരുദം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കാലിക്കറ്റ് സർവ്വകലാശാലയിലെ റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് ഇംപ്രൂവ്മെൻറിന് അവസരം

6391. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ റഗുലർ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് ഇംപ്രൂവ്മെൻറിന് അവസരമുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ മറ്റ് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് ഇംപ്രൂവ്മെൻറിന് അവസരമുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ അതേ സൗകര്യം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കാലിക്കറ്റ് സർവ്വകലാശാലയ്ക്കു കീഴിൽ റഗുലർ കോഴ്സുകൾ പഠിച്ച നിരവധി വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്കിന്റെ കുറവ് മൂലം കോഴ്സ് കഴിഞ്ഞിട്ടും ബിരുദം നേടാനാവാത്ത സാഹചര്യം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

## ബിരുദ പരീക്ഷയുടെ ഫല പ്രഖ്യാപനം

6392. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികളുടെ ബിരുദ പരീക്ഷയുടെ ഫല പ്രഖ്യാപനം നീണ്ടുപോയത് ബിരുദാനന്തര ക്ലാസ്സുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവരുടെ അവസരം നഷ്ടപ്പെടുത്തി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ പ്രൈവറ്റ് വിദ്യാർത്ഥികൾക്കും റെഗുലർ വിദ്യാർത്ഥികളോടൊപ്പം പരീക്ഷ നടത്തി ഫലപ്രഖ്യാപനം നടത്തുന്ന രീതി മഹാത്മാഗാന്ധി സർവ്വകലാശാലയിലും നടപ്പിലാക്കുമോ?

<u>യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ</u>

6393. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ കോളേജുകളെയും യു.ഐ.റ്റി.കളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിന് നൽകിയിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഇൻഫർമേഷൻ സെന്റർ ഈ അദ്ധ്യയന വർഷം തന്നെ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഫുൾ ബ്രൈറ്റ് ഫെലോഷിപ്പിൽ വിദേശത്ത് പോയ അദ്ധ്യാപികയ്ക്ക് ഡ്യൂട്ടി ലീവ്</u>

6394. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുൾ ബ്രൈറ്റ് ഫെലോഷിപ്പിൽ കേരള സർവ്വകലാശാലയിൽ നിന്നും അമേരിക്കയിൽ 2018-19 കാലയളവിൽ സർക്കാർ അനുമതിയോടെ പോയ അദ്ധ്യാപികയുടെ അവധി ഡ്യൂട്ടി ലീവായി പരിഗണിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാല അദ്ധ്യാപികയ്ക്ക് വിദേശത്ത് പോകുവാൻ അനുമതി നൽകേണ്ടത് സർക്കാരാണെങ്കിലും ഡ്യൂട്ടി അവധി നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മലപ്പുറം അലിഗഡ് യൂണിവേഴ്സിറ്റി ക്യാമ്പസിലെ തീപിടുത്തം</u>

6395. ശ്രീ.മഞ്ഞളാംകുഴി അലി

,, പി.ഉബൈദുള്ള

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം അലിഗഡ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ വേനൽക്കാലത്തും അല്ലാതെയും അടിയ്ക്കടി തീപിടുത്തമുണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് മൂലം വിദ്യാർത്ഥികൾക്കും പ്രദേശവാസികൾക്കും വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ശരീഅത്ത് ആപ്ലിക്കേഷൻ ആക്ടിലെ ചട്ടങ്ങളിൽ മാറ്റം</u>

T 6396. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1937-ലെ ശരീഅത്ത് ആപ്ലിക്കേഷൻ ആക്ടിലെ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് നിയമസഭാ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരസ്ഥാപനമായി കേരള വഖഫ് ബോർഡിന്റെ റീജിയണൽ ഓഫീസുകളെയും അപ്പീൽ അധികാരിയായി വഖഫ് ബോർഡ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തീരുമാനമാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ?

<u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ജില്ലാതല ഓഫീസ് രൂപീകരണം</u>

6397. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഓഫീസുകൾ ജില്ലാതലങ്ങളിൽ രൂപീകരിച്ചിട്ടില്ലാത്തതിനാൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഫലം യഥാസമയം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ജില്ലാ തലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഓഫീസുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കാമോ?

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കുടിവെള്ള പദ്ധതികൾ</u>

6398. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ അനുവദിച്ച എളാങ്കുഴി കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഈ വർഷം പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനും പദ്ധതികൾ

6399. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഭാഗക്കാർക്ക് എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ;

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള കോച്ചിംഗ് സെന്ററുകൾക്ക് (സി. സി. എം. വൈ.) കെട്ടിടം പണിയുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

## ജി.പി.എസ് ട്രാക്കർ സംവിധാനം

6400. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവാഹനങ്ങളിൽ ജി.പി.എസ്.ട്രാക്കർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അന്തിമ നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് മുന്നോടിയായി വിവിധ വിഭാഗം പൊതുവാഹന ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അത്തരത്തിലുള്ള കൂടിയാലോചനകൾ നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശംങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുമ്പോൾ ഏതെല്ലാം രീതികൾ അവലംബിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## പിഴ അടയ്ക്കാത്ത വാഹനങ്ങൾ

6401. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ അയ്യായിരം രൂപയ്ക്ക് മുകളിലുള്ള എത്ര ചെക്ക് റിപ്പോർട്ടുകൾ (കേസുകൾ) പിഴയടയ്ക്കാതെ വകുപ്പിൽ പെൻഡിംഗിൽ വെച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പിഴ അടപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ;

(സി) പിഴ അടയ്ക്കാത്ത വാഹനങ്ങൾക്കെതിരെ രജിസ്ട്രേഷൻ, പെർമിറ്റ് ഇവ റദ്ദാക്കാനുള്ള നടപടികൾ സ്വീകരിച്ച് സർക്കാരിന്റെ റവന്യൂ വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## സൺ ഗ്ലാസ്സ് ഫിലിം നിരോധനം

6402. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ ഗ്ലാസ്സിൽ സൺ ഗ്ലാസ്സ്ഫിലിം പതിക്കുന്നത് സുപ്രീംകോടതി നിരോധിച്ചിട്ടുണ്ടോ;

(ബി) പല വാഹനങ്ങളും സൺ ഗ്ലാസ്സ് ഫിലിം ഒട്ടിച്ച് നിരത്തിൽ ഓടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കുമോ?

## കല്ലട ബസ് ജീവനക്കാർക്കെതിരെയുള്ള നടപടി

6403. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ യാത്രക്കാരെ മർദ്ദിച്ച സംഭവത്തിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന കല്ലട ബസ് ജീവനക്കാർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ ഗതാഗതവകുപ്പ് സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബസ്സിന്റെ പെർമിറ്റ് റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പെർമിറ്റ് റദ്ദാക്കാത്ത നടപടി ഗുരുതര വീഴ്ചയായി കാണുന്നുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

## പരസ്യം പതിച്ച പൊതുവാഹനങ്ങൾ

6404. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവാഹനങ്ങളിൽ പരസ്യം പതിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിൽ ഫീ അടയ്ക്കേണ്ടതുണ്ടോ; എങ്കിൽ ആയത് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്വകാര്യവാഹനങ്ങളിൽ പരസ്യം പതിക്കുന്നതിന് എന്തെങ്കിലും വിലക്ക് നിലവിലുണ്ടോ; വിശദമാക്കാമോ?

## അന്തർ സംസ്ഥാന ബസ് ഓപ്പറേറ്റർമാരുടെ നികുതി കുടിശ്ശിക

6405. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസ് ഓപ്പറേറ്റർമാരിൽ നിന്നും റോഡ്, വാഹന നികുതി ഇനങ്ങളിലായി ഏകദേശം നാൽപ്പത് കോടിയോളം രൂപ പിരിഞ്ഞ് കിട്ടാനുണ്ടോ; ഉണ്ടെങ്കിൽ ആയത് പിരിച്ചെടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) അന്തർസംസ്ഥാന സ്വകാര്യ ബസുകൾ ദിവസവും സ്റ്റേജ് ക്യാരേജ് നിയമം ലംഘിക്കുന്നത് പൂർണമായും തടയാൻ കഴിയാത്ത സാഹചര്യമുണ്ടോ; പകരം യാത്രാസംവിധാനം ഒരുക്കാനുള്ള സർക്കാരിന്റെ പരിമിതികളാണോ ഇതിന് കാരണമെന്ന് വെളിപ്പെടുത്താമോ;

(സി) കോൺട്രാക്ട് ക്യാരേജ് ബസുകൾ വാടകയ്ക്കെടുത്ത് അന്തർസംസ്ഥാന സർവീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

<u>അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ</u>

6406. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും നിലവിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന എത്ര സ്വകാര്യ ബസ്സുകൾ ഉണ്ട്;

(ബി) എൽ.എ.പി.ടി. ലൈസൻസിന്റെ മറവിൽ സ്റ്റേജ് ക്യാരിയർ നിയമങ്ങൾ ലംഘിക്കുന്ന ഇത്തരം ബസ്സുകളെ നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ദീർഘദൂര സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ</u>

6407. **ശ്രീ.വി.ഡി.സതീശൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ളിൽ നിരവധി നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അനധികൃതമായി സ്വകാര്യ ബസ്സുകൾ ഓടുന്നതായ പരാതിയിന്മേൽ അന്വേഷണം നടത്തിയോ എന്നും സ്വീകരിച്ച നടപടി എന്താണ് എന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഫ്ലീറ്റ് ഓണർ നിയമപ്രകാരം സംസ്ഥാനത്തിനുള്ളിൽ ദീർഘദൂര ബസ്സുകൾ ഓടിക്കുവാൻ കെ.എസ്.ആർ.ടി.സിക്ക് മാത്രമേ അർഹതയുള്ളു എന്നിരിക്കെ ഇത്തരം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നത് ഏത് നിയമത്തിന്റെ പിൻബലത്തിലാണ് എന്നറിയിക്കാമോ?

<u>പരിവാഹൻ സോഫ്റ്റ്‌വെയർ സംവിധാനം</u>

6408. **ശ്രീ.ടി.എ.അഹമ്മദ് കബീർ**

**,,** പി.കെ.അബ്ദു റബ്ബ്

**,,** വി.കെ.ഇബ്രാഹിം കുഞ്ഞ്

**,,** പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) മോട്ടോർ വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കുവാൻ കൊണ്ടുവന്ന പരിവാഹൻ സോഫ്റ്റ്‌വെയർ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നൂതന സോഫ്റ്റ്‌വെയർ ഉപയോഗവുമായി ബന്ധപ്പെട്ട് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനങ്ങൾ നൽകിയിട്ടുണ്ടോ;

(സി) അതി സുരക്ഷാ നമ്പർ പ്ലേറ്റുകളുമായി ബന്ധപ്പെട്ട് സംസ്ഥാനം പുറപ്പെടുവിച്ച ഉത്തരവിൽ അവ്യക്തത ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഡ്രൈവിംഗ് ടെസ്റ്റിന് ഓട്ടോഗിയർ കാറുകൾ

6409. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ടെസ്റ്റിന് ഓട്ടോഗിയർ കാറുകൾ ഉപയോഗിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഓട്ടോഗിയർ കാറുകൾ, പ്രത്യേകിച്ചും സ്ത്രീകൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് ഉപയോഗിക്കുവാൻ അനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ;

(സി) ഓട്ടോഗിയർ കാറുകൾ ഉപയോഗിച്ച് ടെസ്റ്റ് പാസാകുന്നവർക്ക് ലൈസൻസിൽ ഓട്ടോഗിയർ എന്ന് കാണിച്ച് ലൈസൻസ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഓട്ടോഗിയർ കാർ ഉപയോഗിച്ച് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുവാൻ ആവശ്യമായ നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകുമോ; വ്യക്തമാക്കുമോ;

(ഇ) ഓട്ടോഗിയർ കാറുകൾ ഉപയോഗിച്ച് ടെസ്റ്റ് നടത്തുവാൻ നിലവിൽ എന്തെങ്കിലും നിയമതടസമുണ്ടോ; ഇത് സംബന്ധിച്ച ചട്ടത്തിൽ വ്യക്തത ഇല്ലെങ്കിൽ വ്യക്തത വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര മോട്ടോർ വാഹന മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## വാഹനങ്ങളുടെ താൽക്കാലിക പെർമിറ്റ്

6410. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനം വാങ്ങുന്നവർക്ക് താൽക്കാലിക പെർമിറ്റ് എടുക്കുന്നതിന് പുതുതായി എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) താൽക്കാലിക പെർമിറ്റിന് അപേക്ഷിച്ച് കഴിഞ്ഞാൽ ആയത് നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) താൽക്കാലിക പെർമിറ്റ് ലഭിക്കുന്നതിലെ കാലതാമസം കാരണം പുതിയ വാഹനം വാങ്ങുന്നവർ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച

നടപടികൾ വിശദമാക്കാമോ?

വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്ന നടപടി

6411. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതു തരം വാഹനങ്ങളിലാണ് ജി.പി.എസ് ഘടിപ്പിക്കാൻ നിലവിൽ നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂൾ വാഹനങ്ങൾ

6412. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും ആവശ്യമായ അനുമതി ലഭിക്കാതെയും നിരവധി സ്കൂൾ വാഹനങ്ങൾ സർവീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനും സുരക്ഷയൊരുക്കി അപകടരഹിതമാക്കുന്നതിനും സ്കൂൾ സമയമാറ്റം ഉൾപ്പെടെ പരിഗണിച്ച് ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നവീനപദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ലോറികളുടെ അമിത വേഗത നിയന്ത്രിക്കാൻ ജി.പി.എസ്. സംവിധാനം

6413. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന ലോറികളെ നിരീക്ഷിക്കുന്നതിനും ഇതിന്റെ അമിത വേഗത നിയന്ത്രിക്കുന്നതിനുമായി ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ സംവിധാനം കർശനമാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനം നടപ്പിലാക്കുന്നതിലൂടെ പ്രാവർത്തികമാക്കാൻ സാധിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഇതിനായി സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ടാക്സി വാഹനങ്ങളിൽ ജി.പി.എസ്.,സ്പീഡ് ഗവേണർ സംവിധാനങ്ങൾ

6414. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടാക്സി വാഹനങ്ങളിൽ ജി.പി.എസ്, സ്പീഡ് ഗവേണർ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്ന് വരെയാണ് സമയം അനുവദിച്ചിരിക്കുന്നത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വാഹനങ്ങളിൽ പ്രസ്തുത സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 2019 ഡിസംബർ 31 വരെ സാവകാശം അനുവദിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനങ്ങൾ ഏർപ്പെടുത്താത്ത വാഹനങ്ങളെ ടെസ്റ്റിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾക്ക് ഇളവ് അനുവദിക്കുമോ; വിശദമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി. യുടെ വരവും ചെലവും</u>

6415. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് എത്ര ബസുകളുണ്ടെന്നും നിലവിൽ വിവിധ റൂട്ടുകളിൽ മുടങ്ങാതെ സർവ്വീസ് നടത്തുന്ന ബസുകൾ എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഒരു മാസം കെ.എസ്.ആർ.ടി.സി. യുടെ ഏകദേശ വരവും ചെലവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലായ മാസം അല്ലെങ്കിൽ വർഷം ഏതാണെന്ന് വ്യക്തമാക്കാമോ; ലാഭത്തിലായിരുന്നെങ്കിൽ തുക വ്യക്തമാക്കാമോ;

(ഡി) ഒരു ബസ് സർവീസ് നടത്താൻ എത്ര ജീവനക്കാരുടെ സേവനമാണ് ആവശ്യമുള്ളതെന്നും ഒരു ദിവസം അവർക്ക് വേതനവും മറ്റ് ചെലവുകൾക്കുമായി വേണ്ടിവരുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) മറ്റു സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ വരുന്ന ചെലവ് എത്രയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിനെക്കുറിച്ചാലോചിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി. യുടെ നവീകരണം</u>

6416. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ നവീകരണം ലക്ഷ്യമിട്ട് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിച്ച സുശീൽ ഖന്ന ഇടക്കാല റിപ്പോർട്ട് എന്തെങ്കിലും നൽകിയിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സുശീൽ ഖന്ന സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി. നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ</u>

6417. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ അന്തർ സംസ്ഥാന ബസ് സർവ്വീസ് രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ സംബന്ധിച്ച് ഓരോ ഡിപ്പോ തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച അന്തർ സംസ്ഥാന സർവ്വീസുകൾ ഏതൊക്കെയാണെന്ന് അറയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി റദ്ദ് ചെയ്ത അന്തർ സംസ്ഥാന സർവ്വീസുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

<u>കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ</u>

6418. ശ്രീ.രാജു എബ്രഹാം

,, എം. നൗഷാദ്

,, ഐ.ബി. സതീഷ്

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. നടത്തിയ ഷെഡ്യൂൾ പുനക്രമീകരണ നടപടികളിലൂടെ പ്രതിമാസ വരുമാനം ഇരുന്നൂറ് കോടി രൂപക്കുമുകളിൽ എത്തിക്കുവാനായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടിരിക്കുന്ന കെ.യു.ആർ.ടി.സി.യുടെ ഉൾപ്പെടെയുള്ള വാഹനങ്ങൾ വേഗത്തിൽ ഗതാഗതയോഗ്യമാക്കി വാഹന വിനിയോഗം ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കൂടുതൽ പുതിയ വാഹനങ്ങൾ വാങ്ങി അതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം യുക്തിസഹമാക്കുവാൻ പദ്ധതിയുണ്ടോ; ഇലക്ട്രിക് ബസുകൾ വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവയുടെ ലാഭ-നഷ്ട സാധ്യത പരിശോധനാ വിധേയമാക്കിയിരുന്നോ;

(ഡി) തിരുവനന്തപുരം - തൃശ്ശൂർ സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് വിജയകരമാണോ; ഈ മാതൃകയിൽ ഏറെ തിരക്കേറിയതും കെ.എസ്.ആർ.ടി.സി. ബസ്സുകൾ കുറവുള്ളതുമായ തൃശ്ശൂർ-കാസർഗോഡ് റൂട്ടിലും ചെയിൻ സർവ്വീസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(ഇ) സാമൂഹ്യ പ്രതിബദ്ധതയോടെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സമയത്തിന് തൊട്ടുമുമ്പ് സമയക്രമം തെറ്റിച്ചുകൊണ്ട് സ്വകാര്യ ബസ്സുകളും മറ്റു സമാന്തര സർവ്വീസ് വാഹനങ്ങളും സർവ്വീസ് നടത്തുന്നത് തടയുവാൻ കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ബസ് ബോഡി നിർമ്മാണം</u>

6419. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് ബസ് ബോഡി നിർമ്മാണത്തിന് സംസ്ഥാനത്ത് എത്ര വർക്ക്ഷോപ്പുകളാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ നിലവിലുള്ള തൊഴിലാളികൾക്ക് ഇതുവഴി തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ടോ;

(സി) തൊഴിൽ ദിനങ്ങളിൽ കുറവ് ഉണ്ടാകുന്നുവെങ്കിൽ അത് പരിഹരിക്കാനായി സ്വകാര്യ മേഖലയിലെ ബസ്സുകൾക്കുള്ള ബോഡി നിർമ്മാണവും നിശ്ചിത നിരക്കിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ആരംഭിക്കുന്നത് ആലോചിക്കുമോ?

<u>അന്തർ സംസ്ഥാന പാതകളിൽ വാടക ബസുകൾ</u>

6420. ശ്രീ.ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന പാതകളിൽ വാടക ബസുകൾ ഓടിക്കുവാൻ കർണ്ണാടകയും കേരളവും തമ്മിൽ ധാരണയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസുകൾ വീതം ഓടിക്കുവാനാണ് ധാരണയായത്; വ്യക്തമാക്കുമോ;

(ബി) സ്റ്റേജ് കാര്യേജ് ബസുകൾ ഓടിക്കുന്നതിന് പകരം വാടക ബസുകൾ ഓടിക്കുന്നതിന് ധാരണയായതിന്റെ കാരണമെന്താണ് എന്നറിയിക്കാമോ?

<u>സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരമുള്ള നടപടി</u>

6421. ശ്രീ.അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ മിഡിൽ ലെവൽ മാനേജ്മെന്റ് പൂർണ്ണ പരാജയമായതു മൂലമാണ് കെ.എസ്.ആർ.ടി.സി. ഇത്ര വലിയ നഷ്ടത്തിലായതെന്നും ആയതിനാൽ ഇവർക്കുപകരം പ്രൊഫഷണൽ ടീമിനെ വയ്ക്കണമെന്നുമുള്ള സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശം നടപ്പിലാക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ;

(ബി) സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി. നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്നതിന് കാരണക്കാരായ എക്സിക്യൂട്ടീവ് ഡയറക്ടർമാരെ മാറ്റി പകരം പ്രൊഫഷണൽ ടീമിനെ വയ്ക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതിനു വേണ്ടി നോട്ടിഫിക്കേഷൻ എത്ര പ്രാവശ്യം നടത്തിയിട്ടുണ്ട്; ഓരോ തവണയും എത്ര പേർ അപേക്ഷിച്ചിട്ടുണ്ട്; അവരുടെ പേര് വിവരവും യോഗ്യതയും പ്രവൃത്തിപരിചയവും വ്യക്തമാക്കാമോ;

(ഡി) ഇവരെ ആരെല്ലാമാണ് ഇന്റർവ്യൂ ചെയ്തത്; ഇവർക്ക് നൽകിയ മാർക്ക് എത്രയാണ്; എത്രപേർ ഇന്റർവ്യൂവിന് പരാജയപ്പെട്ടു എന്നും എത്രപേർ വിജയിച്ചു എന്നും വ്യക്തമാക്കുമോ; ആരും വിജയിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) എക്സിക്യൂട്ടീവ് ഡയറക്ടർമാർക്ക് പകരം പ്രൊഫഷണൽസിനെ നിയമിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ?

<u>അന്തർസംസ്ഥാന ബസ്സ് സർവീസുകൾക്കെതിരെ നിയമനടപടികൾ</u>

6422. ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.ജി.എസ്.ജയലാൽ

,, ഇ.ടി. ടൈസൺ മാസ്റ്റർ

,, വി.ആർ. സുനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഗുരുതര ഗതാഗത ലംഘനം നടത്തുന്ന സ്വകാര്യ ബസ്സുകളിൽ നിന്ന് പിഴയീടാക്കുന്നുണ്ടെങ്കിലും നിയമലംഘനം തടയുന്നതിനും ബസ്സുകൾ പിടിച്ചെടുക്കുന്നതിനും ഗതാഗതവകുപ്പിന് കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിദിനം നൂറിലെറെ സ്വകാര്യ ബസ്സുകൾ ലാഭകരമായി സംസ്ഥാനത്തെ വിവിധയിടങ്ങളിൽ നിന്നും ബാംഗ്ലൂരിലേക്ക് അനധികൃതമായി ബസ്സ് സർവീസ് നടത്തിവരുന്നത് തടയുന്നതിനും പകരം സ്വന്തമായി ബസ്സുകൾ ഓടിക്കുന്നതിനും കെ.എസ്.ആർ.ടി.സി.മാനേജ്മെന്റിന് നിർദ്ദേശം നല്കുമോ;

(സി) അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ ഗതാഗത നിയമത്തിൽ അടിയന്തര മാറ്റങ്ങൾ വരുത്തുമോ;

(ഡി) അന്തർ സംസ്ഥാന പാതകളിൽ സർവ്വീസ് നടത്തുന്നതിന് വാടകയ്ക്ക് ബസ്സുകൾ കിട്ടുന്നതിനായി കെ.എസ്.ആർ.ടി.സി. നടത്തിയ ശ്രമം ഫലം കാണാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) യാത്രക്കാരെ പെരുവഴിയിലാക്കാതെ സ്വകാര്യ ബസ്സുകളുടെ അനധികൃത സർവ്വീസുകൾ നിർത്തലാക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ;

(എഫ്) ഓണാഘോഷത്തോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ വിപുലപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ജി) അന്തർ സംസ്ഥാന ബസ്സുകളുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ?

<u>വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി ഒരുക്കുന്ന യാത്രാസൗകര്യം</u>

6423. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ യാത്രാസൗകര്യം ഒരുക്കുന്നതിന് കെ.എസ്.ആർ.ടി.സി. യ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സുഖയാത്ര സുരക്ഷിതയാത്ര എന്ന സന്ദേശം പ്രാവർത്തികമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. തലത്തിൽ നടത്തുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റ് വിതരണത്തിലുണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടും ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഫുട്ബോർഡിൽ നിന്ന് വിദ്യാർത്ഥികൾ സഞ്ചരിക്കുന്നത് കർശനമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. യിലെ സ്റ്റോർ, സിവിൽ വിഭാഗം ജീവനക്കാർ

6424. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ സ്റ്റോർ, സിവിൽ വിഭാഗം ജീവനക്കാർക്ക് ഓരോ മാസത്തെയും രണ്ടാം ശനിയാഴ്ച പ്രവർത്തിദിവസമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ; ആയതിന്റെ കാരണമെന്ത്; വ്യക്തമാക്കാമോ;

(ബി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി നിലനിർത്തി നൽകണമെന്ന സുശീൽ ഖന്നയുടെ പ്രത്യേക പരാമർശം റിപ്പോർട്ടിൽ ഉണ്ടായിരുന്നോ;

(സി) കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുക എന്ന ഉദ്ദേശ്യത്തോടെ ഡ്യൂട്ടി നോക്കുന്ന ഏണിംഗ് സ്റ്റാഫുകൾക്ക് നൽകിവരുന്ന എണ്ണമറ്റ ആനുകൂല്യങ്ങൾ എടുത്തുകളഞ്ഞത് തൊഴിലാളി സംഘടനകളുമായി ആലോചിച്ചായിരുന്നോ; എങ്കിൽ ഏതെല്ലാം സംഘടനകളുമായി എത്ര വട്ടം കൂടിയാലോചന നടത്തി; വിശദാംശം അറിയിക്കുമോ;

(ഡി) മിനിസ്റ്റീരിയൽ വിഭാഗക്കാരുടെ പ്രസ്തുത അവധി കെ.എസ്.ആർ.ടി.സി.ക്ക് ഒരു തരത്തിലും സാമ്പത്തിക ഗുണമുണ്ടാകുന്നില്ലെന്നത് കണക്കിലെടുത്ത് ഇത് കെ.എസ്.ആർ.ടി.സി.യുടെ അവധി ദിനത്തിൽ നിന്ന് ഒഴിവാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തിക

6425. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്ക് 2015 ൽ പി.എസ്.സി. പരീക്ഷ നടത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടും പ്രാക്ടിക്കൽ ടെസ്റ്റ് നടത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കരുതെന്ന് കെ.എസ്.ആർ.ടി.സി., പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ?

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സപ്ലിമെന്ററി ശമ്പള ബില്ലുകൾ

6426. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ വിവിധ ആരോഗ്യ പ്രശ്നങ്ങളാൽ മറ്റ് ജീവനക്കാരെപ്പോലെ കൃത്യമായി ലൈൻഡ്യൂട്ടി ചെയ്യാൻ പറ്റാത്ത ജീവനക്കാരുടെ 2018 ഫെബ്രുവരിക്കുശേഷമുള്ള സപ്ലിമെന്ററി ശമ്പള ബില്ലുകൾ കെ.എസ്.ആർ.ടി.സി. തയ്യാറാക്കിയെങ്കിലും സാമ്പത്തിക നില മെച്ചപ്പെടുമ്പോഴോ ഫണ്ടിന്റെ ലഭ്യത അനുസരിച്ചോ മാത്രമേ പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകാനാവൂ എന്ന വാദം സർക്കാർ അംഗീകരിക്കുന്നുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) 2018 ഫെബ്രുവരിക്ക് ശേഷം കെ.എസ്.ആർ.ടി.സി.ജീവനക്കാർക്ക് ശമ്പളവും ഒപ്പം പെൻഷനും

നൽകാനായെങ്കിലും അതിലെ രോഗികളായ ഇത്തരം ജീവനക്കാരുടെ ചുരുങ്ങിയ പ്രതിമാസ തുക മാത്രം നൽകാതെ ബോധപൂർവം നീട്ടുന്നത് ഇവരുടെ ജീവിതം തന്നെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന കാര്യം ഗൗരവമായി കാണുമോ;

(സി) ഇത്തരക്കാരുടെ 2019 മേയ് വരെയുള്ള കുടിശ്ശിക തുക എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെയുള്ള ശിക്ഷാനടപടികൾ

6427. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര ജീവനക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കെതിരെ, അവർ ചെയ്യാത്ത കുറ്റം ആരോപിച്ച് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ പീഡനത്തിന് ഇരയായ ഏതൊക്കെ വ്യക്തികൾ മുഖ്യമന്ത്രി, ഗതാഗതമന്ത്രി, സി.എം.ഡി. എന്നിവർക്ക് പരാതി നൽകിയിട്ടുണ്ട്; അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.യിലെ എംപാനൽ ഡ്രൈവർമാരുടെ നിയമനം

6428. ശ്രീ.വി.എസ്.ശിവകുമാർ

,, വി.ഡി.സതീശൻ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിടണമെന്ന ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ശരിവച്ചത് മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം കെ.എസ്.ആർ.ടി.സി. ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) എംപാനൽ ഡ്രൈവർമാരെ ഒഴിവാക്കി പകരം പി.എസ്.സി. മുഖേന സ്ഥിരം ഡ്രൈവർമാരെ നിയമിക്കുകയെന്നത് സാധ്യമല്ലെന്ന നിലപാട് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ;

(സി) നിലവിലുള്ള എംപാനലുകാരെ പിരിച്ച് വിടേണ്ടിവന്നാൽ അവരെത്തന്നെ 179 ദിവസത്തേക്ക് താല്ക്കാലികമായി നിയമിക്കാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിലപാട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കാൻ സാധ്യതയില്ലേ; വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണം

6429. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് ഏത് വർഷമാണെന്നും ഇതിന്റെ സാമ്പത്തികാനുകൂല്യം ജീവനക്കാർക്ക് നൽകിയത് എന്നു മുതലാണ് എന്നതിന്റേയും വിശദവിവരം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ കുറവ്

6430. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ ക്രമപ്രകാരം നടത്തുന്നതിന് ഡ്രൈവർമാരും കണ്ടക്ടർമാരും അടക്കമുള്ള ജീവനക്കാരുടെ എണ്ണത്തിലെ കുറവ് പ്രയാസം സൃഷ്ടിക്കുന്നുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിലെ നിയമനം

6431. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിലേക്ക് നിയമനം നടത്താൻ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവർക്കെതിരെ മാനേജ് മെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നതിൽ വലിയ കാലതാമസം വരുത്തിയ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർക്ക് എതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യിലെ നിയമനങ്ങൾ

6432. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.യിൽ എത്ര ജീവനക്കാരെ പുതുതായി നിയമിച്ചിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ തസ്തിക/എണ്ണം എന്നിങ്ങനെ തരം തിരിച്ച് അറിയിക്കുമോ?

## കെ.എസ്.ആർ.ടി.സി.ജീവനക്കാർക്ക് ഡി.എ. കുടിശ്ശിക

6433. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നിലവിൽ എത്ര ഗഡു ഡി.എ. കുടിശ്ശിക നൽകാൻ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ശതമാനം ഡി.എ., കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രഖ്യാപിച്ചിട്ടുണ്ട്; അതിൽ എത്ര ശതമാനം ഡി.എ.നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ;

(സി) ജീവനക്കാർക്ക് നൽകുവാനുള്ള ഡി.എ. കുടിശ്ശിക എത്രയും പെട്ടെന്ന് നൽകുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

## സി.എൻ.ജി.ബസുകൾ

6434. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ എത്ര സി.എൻ.ജി. ബസുകളാണ് സർവ്വീസ് നടത്തുന്നതെന്നും അവ ഏതെല്ലാം റൂട്ടുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) സി.എൻ.ജി. ബസുകളുടെ സർവ്വീസ് ലാഭകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## തൃശ്ശൂർ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ്

6435. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-തിരുവനന്തപുരം റൂട്ടിൽ പതിനഞ്ചുമിനിട്ട് ഇടവിട്ട് സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; ഇതുമൂലം കെ.എസ്.ആർ.ടി.സി.ക്കുണ്ടായ നേട്ടം എന്താണ്;

(ബി) പ്രസ്തുത റൂട്ടിൽ നിരവധി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ വെട്ടിക്കുറച്ച് സൂപ്പർ ഫാസ്റ്റുകൾ ഓടിക്കുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയെന്താണ് എന്നറിയിക്കാമോ?

## ഭഗവതിനട പ്രദേശത്തുകൂടിയുള്ള സിറ്റി ഫാസ്റ്റ് സർവ്വീസ്

6436. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിലെ ഭഗവതിനട പ്രദേശത്തുകൂടിയുള്ള സിറ്റി ഫാസ്റ്റ് നിലച്ചിട്ട് മാസങ്ങളായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസുകൾ പുന:സ്ഥാപിയ്ക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) ഇല്ലെങ്കിൽ ഭഗവതിനടയ്ക്ക് ഒരു കിലോമീറ്റർ അപ്പുറം വരെ സർവ്വീസ് നടത്തുന്ന കിഴക്കേക്കോട്ട-പുന്നമൂട് സർവ്വീസുകൾ ഭഗവതിനട വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കാമോ?

<u>കട്ടപ്പന കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ഓഫീസ് കെട്ടിടം</u>

6437. **ശ്രീ.റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന കട്ടപ്പന കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ഓഫീസ് കെട്ടിടം പുനർനിർമ്മിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവിടെ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനാവശ്യമായ തുക അനുവദിച്ചത് ഏത് ഫണ്ടിൽ നിന്നാണ്; വ്യക്തമാക്കുമോ?

<u>കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ റൂട്ടിൽ ബസ് സർവ്വീസ്</u>

6438. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്; പ്രസ്തുത റൂട്ടിലെ ഒരു ദിവസത്തെ ശരാശരി കളക്ഷൻ എത്രയാണ്;

(ബി) കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ-കാസർഗോഡ് റൂട്ടിൽ ടൗൺ ടു ടൗൺ ബസ് ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത റൂട്ടിൽ ലോഫ്ളോർ ബസ് സർവ്വീസ് നടത്തുന്നുണ്ടോ; വിശദമാക്കാമോ?

<u>ചാലക്കുടി കെ.എസ്.ആർ.ടി.സി.ഡിപ്പോ</u>

6439. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് വലിയ നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയ ദുരിതാശ്വാസത്തിന്റെയും റീ ബിൽഡ് കേരളയുടെയും ഭാഗമായി ചാലക്കുടി കെ.എസ്.ആർ.ടി.സി.ഡിപ്പോയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ചിറ്റൂർ- ഗുരുവായൂർ റൂട്ടിൽ ബസ് സർവീസ്</u>

6440. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര ബസ് യാത്രാസൗകര്യക്കുറവ് കണക്കിലെടുത്ത്, ഗുരുവായൂർ ക്ഷേത്ര ദർശനത്തിനായി വരുന്ന ഭക്തർക്കുകൂടി സൗകര്യപ്രദമാകുന്ന തരത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ നിന്നും ആരംഭിച്ച് ആലത്തൂർ, പഴയന്നൂർ, വടക്കാഞ്ചേരി, കുന്നംകുളം വഴി ഗുരുവായൂർക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ് റൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## ഗോവിന്ദപുരം കെ.എസ്.ആർ.ടി.സി സബ് ഡിപ്പോ

6441. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശമായ ഗോവിന്ദപുരത്ത് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) സബ് ഡിപ്പോ അനുവദിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്ന് വിശദമാക്കുമോ?

## കൊട്ടാരക്കര ഡിപ്പോയിലെ അന്തർ സംസ്ഥാന സർവ്വീസുകൾ

6442. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ ഏതെല്ലാമാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകളുടെ പ്രതിദിന കളക്ഷൻ എത്രയാണ്;

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ഡിപ്പോയിൽ നിന്നും പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിൽ റദ്ദ് ചെയ്ത കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

6443. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. 2018-19 ൽ റദ്ദ് ചെയ്ത ഷെഡ്യൂളുകൾ ഏതൊക്കെ എന്ന് വിശദമാക്കാമോ;

(ബി) യാത്രാക്ലേശം രൂക്ഷമായ സ്ഥലങ്ങളിലേയ്ക്കുള്ള റദ്ദ് ചെയ്ത ഷെഡ്യൂളുകൾ പുനസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണ് പുനസ്ഥാപിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) കുളത്തൂർ ഗവൺമെന്റ് കോളേജിലേയ്ക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെയും വൈകുന്നേരങ്ങളിലും വിവിധ ഡിപ്പോകളിൽ നിന്നും എത്ര സർവ്വീസുകൾ ആണ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; 2018-19 ൽ ഈ സ്ഥലത്തേയ്ക്ക് എത്ര സർവ്വീസുകൾ ആണ് നടത്തിയിരുന്നത് എന്ന് വിശദീകരിക്കുമോ?

<u>കോതമംഗലം ഡിപ്പോ സൂപ്രണ്ടിനെതിരെ നടത്തിവരുന്ന നിയമവിരുദ്ധ നടപടികൾ</u>

6444. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ. എസ്.ആർ.ടി.സി. കോതമംഗലം ഡിപ്പോയിൽ സൂപ്രണ്ടായി ജോലി ചെയ്യുന്ന സന്ധ്യ ജി. നായരെ സർവ്വീസിൽ നിന്നും പുറത്താക്കുന്നതിന് നടത്തിവരുന്ന നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. സി.എം.ഡി. നടത്തിയ ഹിയറിംഗിന്റെ നോട്ട്സും സന്ധ്യ ജി. നായർ നൽകിയ പരാതിയുടെ പകർപ്പും ലഭ്യമാക്കുമോ ?

<u>കൊട്ടാരക്കര-പാരിപ്പള്ളി സർവ്വീസിൽ വിദ്യാർത്ഥി കൺസഷൻ</u>

6445. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന കൊട്ടാരക്കര-പാരിപ്പള്ളി വേണാട് ചെയിൻ സർവ്വീസിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡ് അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സർവ്വീസിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡ് അനുവദിക്കുന്നതിന് നിയമപരമായി തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഗുരുവായൂരിൽ നിന്നും ഉണ്ടായിരുന്ന ബസ് സർവ്വീസ്</u>

6446. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിൽ നിന്നും ചാവക്കാട്, അങ്ങാടിത്താഴം, മരുതയൂർ, വെന്മേനാട്, ചുക്കു ബസാർ, കരുവന്തല വഴി മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ബസ് സർവ്വീസ് നിലച്ച് പോയതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ യാത്രാക്ലേശം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുമ്പ് പെർമിറ്റുണ്ടായിരുന്ന ഇതേ റൂട്ടിൽ ബസ് സർവ്വീസ് നടത്തുന്നതിന് ഏതെങ്കിലും ബസ് ഉടമസ്ഥന്റെ അപേക്ഷ തൃശ്ശൂർ ആർ.റ്റി.ഒ.യ്ക്ക് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷപ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; അപേക്ഷയിൻമേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## എ.എം.വി.ഐ.മാരുടെ പൊതുസ്ഥലംമാറ്റം

6447. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ എ.എം.വി.ഐ.മാരുടെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ ക്ഷണിച്ചത് എന്നറിയിക്കാമോ;

(ബി) അപേക്ഷ ക്ഷണിച്ചശേഷം 25 എ.എം.വി.ഐ. മാരെ മാത്രം മാറ്റി ഉത്തരവ് ഇറക്കിയിരുന്നോ; ഇതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) എ.എം.വി.ഐ. തസ്തികയിൽ പി.എസ്.സി. യുടെ അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നാല് മാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണ്; പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുമോ എന്ന് വ്യക്തമാക്കാമോ?

## വയനാട് ജില്ലയിൽ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ

6448. ശ്രീ.സി. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി വയനാട് ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) മോട്ടോർ വാഹന വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടോ; 2018-19 കാലയളവിൽ എത്ര നിയമലംഘനങ്ങളാണ് സ്ക്വാഡ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

## ചടയമംഗലം കേന്ദ്രമാക്കി പുതിയ ജോയിന്റ് ആർ.ടി.ഓഫീസ്

6449. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ടൗൺ കേന്ദ്രമാക്കി പുതുതായി പ്രഖ്യാപിച്ച ജോയിന്റ് ആർ.ടി.ഓഫീസ് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് എത്രയും പെട്ടെന്ന് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പ്രത്യേക തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കാമോ?

## പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാനസൗകര്യ വികസനം

6450. **ശ്രീ.സി.കെ. ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യവികസനത്തിന് മോട്ടോർ വാഹന വകുപ്പ് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിങ് ഗ്രൗണ്ടിൽ വെയിറ്റിംഗ് ഏരിയ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഒരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ജലഗതാഗത വകുപ്പിലെ ഭവനവായ്പ സംബന്ധിച്ച ഫയലിലെ തീരുമാനം</u>

6451. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തിരുന്നതും 19.12.2015-ൽ മരണപ്പെട്ടിട്ടുള്ളതുമായ കെ.കെ.പുരുഷോത്തമന്റെ പേരിലുള്ള ഭവനവായ്പ സംബന്ധിച്ച ഫയലിൽ നാളിതുവരെ തീരുമാനമെടുക്കാത്തതിനാൽ ടിയാളുടെ അനന്തരാവകാശികൾക്ക് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള തുക ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികവിഭാഗത്തിലെ അംഗവും രണ്ട് പെൺമക്കളും മാത്രമുള്ള ടിയാന്റെ പേരിലുള്ള നാമമാത്രമായ പലിശ എഴുതിത്തള്ളി എൻ.എൽ.സി. ലഭ്യമാക്കുന്ന കാര്യത്തിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) എൻ.എൽ.സി. എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, സി.ജോസ്,

തിരുവനന്തപുരം, സെക്രട്ടറി-ഇൻ-ചാർജ്,

27-06-2019

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.